16
2024
നവംബർ
ശനി
വൃശ്ചികം 1

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.10 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-10 പേജ് 4. വില 2.00 രൂപ




02 വായു മലിനീകരണം അതിരൂക്ഷം; തലസ്ഥാനത്ത് കടുത്ത നിയന്ത്രണം
03 വയനാട്: കേന്ദ്ര നിലപാട് കേരളത്തോടുള്ള വെല്ലുവിളി
04 ശത്രുവിനെ ആക്രമിക്കാൻ പോലീസുകാരൻ വക ക്വട്ടേഷൻ

# ഉരുൾപൊട്ടൽ: സഹായം നിഷേധിച്ച് കേന്ദ്രം

## 19ന് വയനാട്ടിൽ എൽഡിഎഫ് യുഡിഎഫ് ഹർത്താൽ



കൽപറ്റ ന്മ മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതർക്കു കേന്ദ്രസഹായം നിഷേധിക്കുന്നതിനെതിരെ 19ന് വയനാട്ടിൽ യുഡിഎഫും എൽഡിഎഫും ഹർത്താൽ പ്രഖ്യാപിച്ചു. പ്രതിപക്ഷവും ഭരണപക്ഷവും വെവ്വേറെയാണു ഹർത്താലിന് ആഹ്വാനം ചെയ്തത്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് എതിരെയാണു യുഡിഎഫ് പ്രതിഷേധം. ഫണ്ട് അനുവദിക്കാത്ത കേന്ദ്രനിലപാടിന് എതിരെയാണു എൽഡിഎഫിന്റെ ഹർത്താൽ. രാവിലെ ആറു മുതൽ വൈകീട്ട് ആറുവരെ കടകളും സ്ഥാപനങ്ങളും ഉൾപ്പെടെ അടച്ചിടാനാണ് ആഹ്വാനം ചെയ്തിട്ടുള്ളത്.

പ്രധാനമന്ത്രിയുടെ ഓഫിസിൽനിന്നുള്ള നിർദേശപ്രകാരമാണ് ആഭ്യന്തര സഹമന്ത്രി മറുപടി നൽകിയതെന്നാണു വിവരം. 2024 ഏപ്രിൽ 1 വരെ 394 കോടി രൂപ എസ്ഡിആർഎഫിൽ ബാക്കിയുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ടെന്നു കേന്ദ്രത്തിന്റെ മറുപടിയിൽ പറയുന്നു. 2024 25ൽ എസ്ഡിആർഎഫിലേക്ക് 388 കോടി കൈമാറിയതിൽ 291 കോടി കേന്ദ്ര വിഹിതമാണ്. പ്രത്യേക സഹായമായി 1500 കോടിയോളം രൂപയാണു കേരളം ആവശ്യപ്പെട്ടത്. എന്നാൽ, മുഖ്യമന്ത്രി പിണറായി വിജയൻ കത്തു നൽകി 3 മാസം കഴിഞ്ഞും ഇക്കാര്യത്തിൽ വ്യക്തതയില്ലാത്ത നിലപാടാണു കേന്ദ്രത്തിന്റേത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ സന്ദർശനവും കേന്ദ്രം ഇതുവരെ കൈക്കൊണ്ട നടപടികളും കേന്ദ്രമന്ത്രിയുടെ കത്തിൽ വിശദീകരിച്ചിട്ടുണ്ട്. കേരളം ആവശ്യപ്പെടാതെതന്നെ സ്ഥലം സന്ദർശിച്ച് സ്ഥിതി മനസ്സിലാക്കാൻ കേന്ദ്രസംഘത്തെ നിയോഗിച്ചിരുന്നുവെന്നും അവരുടെ റിപ്പോർട്ടിന്റെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ തുടർനടപടിയുണ്ടാകുമെന്നുമാണ് പറയുന്നത്. എന്നാൽ, വയനാട് സന്ദർശനം ഓഗസ്റ്റ് എട്ടിനു പൂർത്തിയാക്കിയ സംഘം മാസങ്ങൾക്കു മുൻപേ റിപ്പോർട്ട് കൈമാറിയതാണ്.

വയനാട്ടിലേത് ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ മാർഗരേഖ അനുവദിക്കുന്നില്ലെന്നു കത്തിൽ ആവർത്തിച്ചിട്ടുണ്ട്.

ദുരന്തനിവാരണം അടിസ്ഥാനപരമായി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ദേശീയ, സംസ്ഥാന ദുരന്തപ്രതികരണ ഫണ്ടുകളിൽനിന്നുള്ള സാമ്പത്തിക സഹായം സമാശ്വാസ പ്രവർത്തനങ്ങൾക്കുള്ളതാണെന്നും നഷ്ടപരിഹാരം നൽകാനല്ലെന്നും കേന്ദ്രം പറയുന്നു.



മുനമ്പംസമരത്തിന് ഐക്യദാർഢ്യവുമായി കൊല്ലം ലത്തീൻ രൂപത പ്രതിനിധികൾ സമരപന്തലിൽ

## തെളിമ പദ്ധതി 96 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം: മന്ത്രി ജി ആർ അനിൽ

തെളിമ പദ്ധതിയിലൂടെ റേഷൻ കാർഡിലെ തെറ്റുകൾ സൗജന്യമായി തിരുത്താനുള്ള അവസരം പൊതുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഭക്ഷ്യ,പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. റേഷൻ കാർഡുകൾ കുറ്റമറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന തെളിമ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മണക്കാട് 1101211 ാം നമ്പർ റേഷൻ ഡിപ്പോയിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നവംബർ 15 മുതൽ ഡിസംബർ 15 വരെ റേഷൻ കാർഡിലെ തെറ്റുകൾ തിരുത്താനും ആധാർ നമ്പർ ചേർക്കാനും പൊതുജനങ്ങൾക്ക് അവസരമുണ്ട്. 96 ലക്ഷം കുടുംബങ്ങൾക്ക് തെളിമ പദ്ധതി പ്രയോജനപ്പെടും. ഉടമയുടെയും അംഗങ്ങളുടെയും പേര്, വയസ്, മേൽവിലാസം കാർഡുടമയുമായുള്ള ബന്ധം തുടങ്ങിയ വിവരങ്ങളിലെ തെറ്റുകൾ തിരുത്താം. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും സ്ഥാപിച്ചിട്ടുള്ള പെട്ടികളിൽ ആവശ്യമായ രേഖകൾക്കൊപ്പം അപേക്ഷകൾ നിക്ഷേപിച്ചാൽ മതി. അപേക്ഷകൾ കൃത്യമായി പരിശോധിച്ചു തെറ്റുകൾ തിരുത്തി കാർഡ് നൽകും. എൽപിജി, വൈദ്യുതി കണക്ഷൻ വിവരങ്ങൾ കാർഡിൽ ചേർക്കാം. അനർഹമായി കൈവശം വച്ചിരിക്കുന്ന മുൻഗണനാ / എ എ വൈ കാർഡുകളെക്കുറിച്ചുള്ള പരാതികളും ഈ രീതിയിൽ നൽകാമെന്ന് മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ ജനങ്ങളെ പൂർണമായും പൊതുവിതരണ സംവിധാനവുമായി ബന്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 5 ലക്ഷം കാർഡുകൾ പുതുതായി നൽകിയിട്ടുണ്ട്. പുതിയ റേഷൻ കാർഡിന് അപേക്ഷ ലഭിച്ച് 24 മണിക്കൂറിനുള്ളിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഡെപ്യൂട്ടി മേയർ പി കെ രാജു അധ്യക്ഷനായിരുന്ന ചടങ്ങിൽ കമലേശ്വരം കൗൺസിലർ വിജയകുമാരി, ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



## പ്രധാനമന്ത്രി വയനാട് സന്ദർശിച്ച് സഹായം പ്രഖ്യാപിച്ചിട്ടും ഒന്നും കിട്ടിയില്ലെന്ന് എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: വയനാട്ടിലേത് കേരളം കണ്ട വലിയ ദുരന്തമാണെന്നും പ്രധാനമന്ത്രി സന്ദർശിച്ച് സഹായം പ്രഖ്യാപിച്ചിട്ടും ഒന്നും കിട്ടിയില്ലെന്നും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ദേശീയ ദുരന്തമായി പ്രഖ്യാപിച്ചാൽ പുനരധിവാസത്തിന് വലിയ സഹായം കിട്ടുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കൊടകര കേസിൽ അന്വേഷണത്തിന് കേന്ദ്ര ഏജൻസികൾ തയാറാവുന്നില്ല. ബിജെപിയും കോൺഗ്രസും തമ്മിൽ പാലക്കാടും വടകരയും തൃശൂരും ചേർന്നുള്ള ഡീലുണ്ട്. പാലക്കാട് കോൺഗ്രസിൽ വലിയ പൊട്ടിത്തെറിയാണുണ്ടാവുന്നത്.

കോൺഗ്രസിൽ നിന്ന് പുറത്ത് വരുന്ന നേതാക്കളെല്ലാം ബിജെപി സഖ്യം പറയുന്നുണ്ട്. പാലക്കാട് എൽഡിഎഫ് പിടിച്ചെടുക്കും വിധത്തിലാണ് സ്ഥിതി. ഇ. ശ്രീധരന് കിട്ടിയ വോട്ട് ബിജെപി സ്ഥാനാർഥിക്കോ ഷാഫിക്ക് കിട്ടിയ വോട്ട് യുഡിഎഫ് സ്ഥാനാർഥിക്കോ കിട്ടില്ല. ബിജെപി പാലക്കാട്ട് മൂന്നാം സ്ഥാനത്തേക്ക് പോകുമെന്നും ഗോവിന്ദൻ പറഞ്ഞു.

## തദ്ദേശവാർഡ് വിഭജനം : കരട് വിജ്ഞാപനം നവംബർ 18ന് പ്രസിദ്ധീകരിക്കും

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകൾ പുനർനിർണയിച്ചതിന്റെ കരട് വിജ്ഞാപനം നവംബർ 18 ന് പ്രസിദ്ധീകരിക്കാനും അതിന്മേലുള്ള പരാതികളും ആക്ഷേപങ്ങളും ഡിസംബർ മൂന്ന് വരെ സ്വീകരിക്കാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് ചേർന്ന ഡീലിമിറ്റേഷൻ കമ്മീഷൻ യോഗം തീരുമാനിച്ചു. വാർഡ് പുനർവിഭജനത്തിനായി ജില്ലാ കളക്ടർമാർ സമർപ്പിച്ച കരട് നിർദ്ദേശങ്ങൾ ഡീലിമിറ്റേഷൻ കമ്മീഷൻ വിശദമായി പരിശോധിച്ചു.

കരട് വിജ്ഞാപനത്തെ സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ ജില്ലാ കളക്ട്രേറ്റുകളിലും ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലും സമർപ്പിക്കാം. 2011 സെൻസസ് ജനസംഖ്യയുടെയും തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ച 2024 ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് വാർഡ് പുനർവിഭജനം നടത്തുന്നത്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ക്യൂഫീൽഡ് ആപ്പ് ഉപയോഗിച്ചാണ് വാർഡുകളുടെ ഭൂപടം തയ്യാറാക്കിയിട്ടുള്ളത്.

ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കമ്മീഷൻ അംഗങ്ങളായ ഐടി, പരിസ്ഥിതിവകുപ്പ് സെക്രട്ടറി ഡോ.രത്തൻ.യു.ഖേൽക്കർ, വിനോദസഞ്ചാരവകുപ്പ് സെക്രട്ടറി കെ.ബിജു, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ്. ഹരികിഷോർ, ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറി എസ്. ജോസ്നമോൾ തുടങ്ങിയവർ പങ്കെടുത്തു.

## ആത്മകഥ ബോംബ് ഒരു തരത്തിലും ബാധിച്ചിട്ടില്ല; ജയരാജനെ പിന്തുണച്ച് സിപിഎം

തിരുവനന്തപുരം: ആത്മകഥ ബോംബ് ഒരു തരത്തിലും ബാധിച്ചിട്ടില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ഡിസി ബുക്സുമായി ഇ.പി. ജയരാജൻ കരാർ ഉണ്ടാക്കിയിട്ടില്ലെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.

താൻ എഴുതിയതല്ലെന്ന് ജയരാജൻ തന്നെ പറഞ്ഞു. പുസ്തക വിവാദത്തിൽ ഇല്ലാത്ത കാര്യം പ്രചരിപ്പിച്ചു. പാർട്ടി അന്വേഷണം നടത്തുന്നില്ല. നിയമപരമായ അന്വേഷണം നടക്കട്ടെയെന്നും സിപിഎം സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗത്തിനുശേഷം ഗോവിന്ദൻ പറഞ്ഞു. ഇല്ലാത്ത കാര്യമാണ് പ്രചരിപ്പിച്ചത്. ഇ.പിയെ പാർട്ടി വിശ്വസിക്കുന്നുവെന്നും ഇ.പി നിയമപരമായി മുന്നോട്ട് പോകട്ടെയെന്നും ഗോവിന്ദൻ പറഞ്ഞു.

## തട്ടിക്കൊണ്ടുപോയ സ്ത്രീകളെയും കുട്ടികളെയും കണ്ടെത്താനായില്ല; മണിപ്പുരിൽ പ്രതിഷേധം

ഇംഫാൽ: ജിരിബാം ജില്ലയിൽ നിന്ന് സായുധരായ അക്രമികൾ തട്ടിക്കൊണ്ടു പോയതായി കരുതുന്ന സ്ത്രീകളെയും കുട്ടികളെയും ഇതുവരെയും കണ്ടെത്താൻ കഴിയാത്തതിൽ പ്രതിഷേധം ഉയരുന്നു. ഇംഫാൽ താഴ്വരയിലുടനീളമുള്ള വിദ്യാർഥികൾ കറുത്ത ബാഡ്ജ് ധരിച്ച് കരിങ്കൊടി ഉയർത്തി പ്രകടനം നടത്തി. താഴ്‌വരയിലുള്ളവർ മനുഷ്യച്ചങ്ങലയും തീർത്തു.

ഈ മാസം 11ന് നടന്ന അക്രമസംഭവങ്ങൾക്കിടെയാണ് തട്ടിക്കൊണ്ടുപോകൽ അരങ്ങേറിയത്. മെയ്തേയ് വിഭാഗത്തിലെ മൂന്നു സ്ത്രീകളെയും കുട്ടികളെയുമാണ് കാണാതായത്. ഇവരിൽ 10 മാസം പ്രായമായ കുഞ്ഞുമുണ്ട്.

തട്ടിക്കൊണ്ടു പോകലിനു പിന്നിൽ ചിൻ കുക്കി നാർക്കോ തീവ്രവാദികളാണെന്നാണ് മെയ്തേയ് ആരോപണം. സ്ത്രീകളെയും കുട്ടികളെയും സുരക്ഷിതമായി തിരികെ കൊണ്ടുവരാൻ സർക്കാരിൽ സമ്മർദം ഏറുകയാണ്. ഇവരെ ഉടൻ കണ്ടെത്തണമെന്ന് സംസ്ഥാന ബിജെപി പ്രസിഡൻറ് എ. ശാരദാദേവി അഭ്യർഥിച്ചു.

ആളുകളെ സുരക്ഷിതമായി മോചിപ്പിക്കുന്നതിനായി ഡിജി ആസാം റൈഫിൾസ് ഇതിനകം ചുരാചന്ദ്പരിൽ എത്തിയിട്ടുണ്ട്. അതേസമയം, മണിപ്പൂരിൽ സംഘർഷം പടരുന്നതിനിടെ നിർണായക നീക്കവുമായി കേന്ദ്ര സർക്കാർ രംഗത്തെത്തി. ആറ് പോലീസ് സ്റ്റേഷൻ പരിധികളിൽ അഫ്സ്!പ പ്രഖ്യാപിച്ചു.

സെക്മായ്, ലാംസാംഗ്(ഇംഫാൽ വെസ്റ്റ്), ലാംലായ് (ഇംഫാൽ ഈസ്റ്റ്), ലെയ്!മാക്കോംഗ്(കാംഗ്പോക്പി), മൊയ്റാംഗ് (ബിഷ്ണുപുർ), ജിരിബാം എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലാണ് അഫ്സ്!പ പ്രഖ്യാപിച്ചത്. ഈ ആറ് പോലീസ് സ്റ്റേഷൻ പരിധികളിലുൾപ്പെടെ 19 സ്റ്റേഷൻ പരിധികൾ ഒഴിവാക്കി ഒക്ടോബർ ഒന്നിന് സംസ്ഥാനത്തൊട്ടാകെ സർക്കാർ അഫ്സ്!പ പ്രഖ്യാപിച്ചിരുന്നു.



# വിദ്യാർഥികൾ വെല്ലുവിളികൾ ഏറ്റെടുത്തു മുന്നോട്ടു പോകണം: സാക്ഷി മോഹൻ

തിരുവനന്തപുരം: വിദ്യാർഥികൾക്കു വെല്ലുവിളികൾ ഏറ്റെടുത്തു മുന്നോട്ടു പോകുന്നതിനു സാധിക്കണമെന്നു തിരുവനന്തപുരം അസിസ്റ്റൻറ് കളക്ടർ സാക്ഷി മോഹൻ. പട്ടം സെൻറ് മേരീസ് സ്കൂളിൽ വിവിധ പരിപാടികൾ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അവർ.

ജീവിതത്തിൽ ഉയർച്ചതാഴ്ചകൾ സ്വാഭാവികമാണ്.

ജീവിതത്തിലെ പഠനകാലമെന്ന നിർണായക ഘട്ടത്തിലാണ് വിദ്യാർഥികളായ നിങ്ങൾ ഇപ്പോൾ. ജോലിയും മറ്റുസാഹചര്യങ്ങളുമെല്ലാം മുന്നിലുണ്ട്. ജീവിതത്തിൽ നല്ലരീതിയിൽ മുന്നേറുന്നതിനു ഓരോരുത്തർക്കും സാധിക്കട്ടെ എന്നും സാക്ഷി മോഹൻ ആശംസിച്ചു. ഇൻറർ സ്കൂൾ കൾച്ചറൽ ഫെസ്റ്റ്, സ്ഥാപക ദിനാഘോഷം, ശിശുദിനാഘോഷം എന്നീ പരിപാടികൾക്കൊപ്പം സംസ്ഥാന സ്കൂൾ കായികമേളയിൽ മെഡൽ നേടിയ സ്കൂളിലെ 22 വിദ്യാർഥികളെയും ആദരിച്ചു.

കായിക മേളയിൽ മെഡലുകൾ കരസ്ഥമാക്കിയ സ്കൂളിലെ വിദ്യാർഥികൾ പുതിയ ചരിത്രം രചിച്ചിരിക്കുകയാണെന്നു ചടങ്ങിൽ പ്രസംഗിച്ച മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പറഞ്ഞു. സ്പോർട്സ് സ്കൂളുകൾക്കു മാത്രമാണ് സാധാരണ ഇത്തരത്തിൽ മെഡലുകൾ ലഭിക്കാറുള്ളത്.

ആ നേട്ടമാണ് സ്കൂളിലെ 22 വിദ്യാർഥികൾ കൈവരിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഓരോ വിദ്യാർഥികൾക്കും വലിയ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകുമെന്നു ചടങ്ങിൽ പ്രസംഗിച്ച ചലച്ചിത്ര അക്കാദമി ചെയർമാൻ പ്രേം കുമാർ പറഞ്ഞു. 84 വർഷത്തെ പാരമ്പര്യമുള്ള കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമാണിതെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ പ്രിൻസിപ്പൽ ഫാ. നെൽസൺ വലിയവീട്ടിൽ സ്വാഗതം പറഞ്ഞ ചടങ്ങിൽ പിടിഎ പ്രസിഡൻറ് മുരളിദാസ്, മദർ പിടിഎ പ്രസിഡൻറ് എം.എസ്. സജിനി, സ്കൂൾ ചെയർമാൻ ജി.എസ്.ആഷിഖ് തുടങ്ങിയവർ പങ്കെടുത്തു. വൈസ് പ്രിൻസിപ്പൽ റാണി എം. അലക്സ് നന്ദി പറഞ്ഞു.




# ശബരിമല തീർത്ഥാടനം: സംസ്ഥാന പോലീസ് മേധാവി പമ്പ സന്ദർശിച്ചു; മുന്നൊരുക്കങ്ങൾ വിലയിരുത്തി

ഇക്കൊല്ലത്തെ ശബരിമല തീർത്ഥാടനത്തിൻറെ മുന്നൊരുക്കങ്ങൾ വിലയിരുത്താനായി സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് പമ്പ സന്ദർശിച്ചു. പമ്പ ശ്രീരാമസാകേതം ആഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ അദ്ദേഹം പമ്പയിലും സന്നിധാനത്തും നിലയ്ക്കലിലും ആദ്യഘട്ടത്തിൽ നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുമായി ചർച്ചനടത്തി.

തീർത്ഥാടനം സുഗമമായി നടത്തുന്നതിന് പോലീസിൻറെ ഭാഗത്തു നിന്നുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. സന്നിധാനത്ത് എത്തുന്ന എല്ലാ ഭക്തജനങ്ങൾക്കും സുഗമമായ ദർശനം നടത്തുന്നതിന് ആവശ്യമായ സഹായം നൽകലാണ് പോലീസിൻറെ പ്രാഥമിക ചുമതലയെന്ന് അദ്ദേഹം പറഞ്ഞു.

ശബരിമല തീർഥാടന കാലത്ത് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരിക്കുന്നത് ഡ്യൂട്ടിയായി മാത്രമല്ല, മനുഷ്യസേവനമായിത്തന്നെ കണക്കാക്കണമെന്ന് അദ്ദേഹം പറഞ്ഞു. കാണാതാകുന്നവരെ കണ്ടെത്തുന്നതിനും പോക്കറ്റടി, മൊബൈൽ ഫോൺ മോഷണം, ലഹരി പദാർഥങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ തടയുന്നതിനും പ്രത്യേകശ്രദ്ധ ചെലുത്തണം. പ്രധാന പാതകളിലും അനുമതിയില്ലാത്ത സ്ഥലങ്ങളിലും വാഹനം നിർത്തിയിടാൻ അനുവദിക്കരുത്.

ജോലിക്ക് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട താമസ ഭക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

ചീഫ് പോലീസ് കോർഡിനേറ്റർ എ.ഡി.ജി.പി എസ്. ശ്രീജിത്തും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. മുതിർന്ന പോലീസ് ഓഫീസർമാരും സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ആദ്യഘട്ടത്തിൽ നിയോഗിക്കപ്പെട്ട ഓഫീസർമാരും യോഗത്തിൽ പങ്കെടുത്തു.

തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങളിൽ പൊലീസ് ഉദ്യോഗസ്ഥർക്കുള്ള താമസ ഭക്ഷണസൗകര്യങ്ങൾ സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് നേരിട്ടു സന്ദർശിച്ചു വിലയിരുത്തി.

## ഓണറേറിയം ലഭിച്ചില്ല; അങ്കണവാടി വർക്കർമാർ പ്രതിഷേധിച്ചു

നെടുമങ്ങാട് : ഓണറേറിയം ലഭിക്കാത്തതിനെ തുടർന്ന് അങ്കണവാടി വർക്കർമാർ വെള്ളനാട് ശിശു വികസന പദ്ധതി ഓഫിസ് ഉപരോധിച്ചു.

മാസവും മൂന്ന് ഷെയറുകൾ ആയാണ് അങ്കണവാടി വർക്കർമാർക്ക് ശമ്പളം ലഭിക്കുന്നത്. ഇതിൽ സംസ്ഥാന ഷെയർ മാത്രമാണ് വർക്കർമാർക്ക് ലഭിച്ചത്.

13ാം തീയതി ആയിട്ടും കേന്ദ്ര, പഞ്ചായത്ത് ഷെയറുകൾ ലഭിക്കാത്തതാണ് പ്രതിഷേധത്തിന് കാരണം. വെള്ളനാട്, പൂവച്ചൽ, കാട്ടാക്കട, കുറ്റിച്ചൽ പഞ്ചായത്തുകളിലെ വർക്കർമാർ ആണ് പ്രതിഷേധിച്ചത്. സമരത്തിനിടെ ഒരു വർക്കർ കുഴഞ്ഞു വീണു. ഇവരെ വെള്ളനാട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഓണറേറിയത്തിൽ ലഭിക്കാനുള്ള രണ്ട് ഷെയറുകളും ഉടൻ വർക്കർമാരുടെ അക്കൗണ്ടിൽ എത്തുമെന്ന് ഐസിഡിഎസ് അധികൃതർ അറിയിച്ചതിന് പിന്നാലെ ആണ് സമരം അവസാനിപ്പിച്ചത്.

## നാടകക്കൂടിലെ കൂട്ടുകാർക്ക് ഉപജില്ലാ കലോത്സവത്തിൽ അംഗീകാരം

നെയ്യാറ്റിൻകര: പ്രകൃതിയുടെ സൗന്ദര്യമായ മുയലുകളെ മൃഗീയമായി കൊന്ന് തിന്നാൻ തീക്കണ്ണുകളും കഴുകൻറെ ശൗര്യവുമായി എത്തുന്ന വേട്ടക്കാരനെ ചെറുക്കാൻ സർവ അടവുകളും പയറ്റുന്ന രാമലുവും സുബാലയും അരങ്ങിൽ ആടിത്തിമർത്തു.

ദൈവം സ്നേഹമാണ് എന്ന് ഉറപ്പിക്കുന്ന രാമലുവിൻറെ മുയലുകൾ എന്ന നാടകത്തിലെ ഓരോ കഥാപാത്രവും ഓരോ രംഗവും കാഴ്ചക്കാരൻറെ ഹൃദയങ്ങളെ സ്പർശിച്ചു. നെയ്യാറ്റിൻകര ഉപജില്ലാ കലോത്സവത്തിൽ യുപി വിഭാഗത്തിൽ ഈ നാടകത്തിന് അവതരണത്തിൻറെ ഒന്നാം സമ്മാനത്തിനു പുറമേ മികച്ച നടൻ, നടി എന്നീ പുരസ്കാരങ്ങളുടെ നേട്ടവും ലഭിച്ചു.

മാരായമുട്ടം ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ കഴിഞ്ഞ ദിവസം സമാപിച്ച നെയ്യാറ്റിൻകര ഉപജില്ലാ കലോത്സവത്തിൽ രാമലുവിൻറെ മുയലുകൾ എന്ന നാടകം അവതരിപ്പിച്ചത് നെയ്യാറ്റിൻകര ഗവ. ജെബിഎസിലെ വിദ്യാർഥികളാണ്.

വർഷങ്ങളായി കുട്ടികളുടെ നാടകരംഗത്ത് സജീവമായ പീറ്റർ പാറയ്ക്കൽ എന്ന സംവിധായകൻറെയും അഭിനേതാവ് കൂടിയായ എസ്. ശ്രീകാന്തിൻറെയും മാർഗനിർദേശങ്ങൾ ജെബിഎസ് ടീമിന് ഊർജം പകർന്നു. പീറ്റർ പാറയ്ക്കൽ നേതൃത്വം നൽകുന്ന നാടകക്കൂട് എന്ന കുട്ടികളുടെ നാടകസമിതിക്കും ഈ അംഗീകാരം ഏറെ വിലപ്പെട്ടതായി.

നാടകത്തിലെ അഭിനേതാക്കളായ ആവണി, ദേവദത്ത് എന്നിവരാണ് മികച്ച നടിയും നടനുമായി തെരഞ്ഞെടുക്കപ്പെട്ടത്.

## കുന്നിക്കോട് കൊലപാതകം : അച്ഛനും മകനും ജീവപര്യന്തം

കൊട്ടാരക്കര: കുന്നിക്കോട് പച്ചിലവളവു കടുവാങ്കോട് വീട്ടിൽ അനിൽകുമാർ (35) നെ തലയ്ക്കടിച്ച് കൊന്നകേസിലെ പ്രതികളായ അച്ഛനും മകനും കൊട്ടാരക്കര എസ് സിഎസ്ടി കോടതി ജീവപര്യന്തം തടവിനും പിഴയും ശിക്ഷിച്ചു.

കുന്നിക്കോട് പച്ചിലവളവ് ആൽഫി ഭവനത്തിൽ ദമീജ് അഹമ്മദ്(28) പിതാവ് സലാഹുദീൻ (63) എന്നിവരാണ് പ്രതികൾ. സ്പെഷൽ എസ് സി എസ്ടി കോടതി ജഡ്ജി ജയകൃഷ്ണനാണ് ജീവപര്യന്തം തടവും 50000 രൂപ വീതം പിഴയും ശിക്ഷ വിധിച്ചത്.

2022 സെപ്റ്റംബർ 17 നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. അനിൽകുമാറിൻറെ പറമ്പിലെ തേക്കിൻറെ ശിഖരങ്ങൾവെട്ടി മാറ്റുന്നതിനിടയ്ക്ക് ശിഖരം സലാഹുദീൻറെ പറമ്പിലേക്ക് വീണു.

ഇത് സംബന്ധിച്ച് തർക്കത്തിൻറെ തുടർച്ചയായി പുലർച്ചെ രണ്ടോടെ പ്രതികൾ മാരകായുധവുമായി അനിൽകുമാറിൻറെ വീട്ടിൽ കയറി തലയ്ക്കടിച്ചും വെട്ടിയും കൊലപ്പെടുത്തുകയായിരുന്നു.

കുന്നിക്കോട് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ ഡിവൈഎസ്പി ആയിരുന്ന ജി.ഡി വിജയകുമാർ ആയിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. കൊലപാതകത്തിനു ശേഷം ഒളിവിൽ പോയ പ്രതികളെ തമിഴ്നാട് ഏർവാടിയിൽ നിന്നാണ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയത്.

പ്രതികളിൽ നിന്ന് ഈടാക്കുന്ന 50000 രൂപ വീതം വരുന്ന അനിൽകുമാറിൻറെ മാതാവിന് നൽകണം. പ്രോസിക്യൂഷന് വേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജി.എസ്. സന്തോഷ്കുമാർ ഹാജരായി.

## പിന്നാക്ക വിഭാഗ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ നവംബർ 19 രാവിലെ 11 ന് വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മീഷൻ്റെ കോർട്ട് ഹാളിൽ സിറ്റിംഗ് നടത്തും. പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി മുമ്പാകെ വയനാട് ജില്ലാ മൗണ്ടാടൻ ചെട്ടി സമുദായ സംഘം പ്രസിഡൻ്റ് സി.വി. വേലായുധൻ സമർപ്പിച്ച ഹർജി, പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി മുമ്പാകെ അഖില കേരള ധീവര സഭ ജനറൽ സെക്രട്ടറി ദിനകരൻ സമർപ്പിച്ച ഹർജി, കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലേക്കുള്ള എംബിബിഎസ് പ്രവേശനം സംബന്ധിച്ച് ഉണ്ണികൃഷ്ണൻ എം. സമർപ്പിച്ച പരാതി, പരിവാര ബണ്ട് സമുദായത്തെ ഒ.ബി.സി യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം, കുടുംബി സമുദായത്തിന് ഉദ്യോഗസ്ഥ നിയമനങ്ങളിൽ ഒരു ശതമാനം പ്രത്യേക സംവരണം അനുവദിക്കണമെന്ന ആവശ്യം എന്നിവ പരിഗണിക്കും. കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരൻ, മെമ്പർമാരായ സുബൈദാ ഇസ്ഹാക്ക്, ഡോ. എ.വി. ജോർജ്, കമ്മീഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

## ശത്രുവിനെ ആക്രമിക്കാൻ പോലീസുകാരൻ വക ക്വട്ടേഷൻ

പാറശാല: കാലങ്ങളായി ശത്രുതയിലുള്ളയാളെ ആക്രമിക്കാൻ പോലീസുകാരൻ ആശ്രയിച്ചത് നഗരത്തിലെ പ്രമുഖ ഗുണ്ടയെ. ക്വട്ടേഷൻ നൽകാൻ സഹായവുമായി അഭിഭാഷകനും. ചെങ്കലിൽ മൂന്നാഴ്ച മുൻപ് യുവാവിനെ അകാരണമായി ഗുണ്ടാസംഘം ആക്രമിച്ചതിലെ അന്വേഷണമാണ് പോലീസും അഭിഭാഷകനും ചേർന്നു നൽകിയ ക്വട്ടേഷനിലേക്ക് എത്തിയത്.

ഒക്ടോബർ 19ന് പെയിൻറിംഗ് തൊഴിലാളിയായ സജു ജോലി കഴിഞ്ഞു മടങ്ങവേയാണ് ഗുണ്ടാത്തലവനായ ആട് സജിയുടെ നേതൃത്വത്തിലുള്ള സംഘം തടഞ്ഞുനിർത്തി ആക്രമിച്ചത്. അന്വേഷണത്തിൽ ക്വട്ടേഷൻ നൽകിയതായി കണ്ടെത്തിയ എ ആർ ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥൻ പി. ബൈജുവിനെ ഒന്നാം പ്രതിയാക്കി കേസിൽ ഉൾപ്പെടുത്തി.

ഇയാളുടെ സുഹൃത്തും വ്ളാത്താങ്കര സ്വദേശിയുമായ അഭിഭാഷകൻ അഖിലിനെതിരേ ഗൂഢാലോചനക്കുറ്റം ചുമത്തിയിട്ടുണ്ട്. ബൈജുവും അഖിലും ഒളിവിലാണ്. സംഭവവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ സംഘത്തിലെ നാലു പേരെ പാറശാല പോലീസ് കഴിഞ്ഞദിവസം പിടികൂടി. തിരുവല്ലം പാലറകുന്ന് വീട്ടിൽ ആട് സജി എന്ന സജി (42), ചെങ്കൽ കടുക്കറ വീട്ടിൽ അജി (37), മാരായമുട്ടം കടവൻകോട് കോളനിയിൽ സുജിത്ത് (36), പെരുമ്പഴുതൂർ കടവൻകോട് കോളനിയിൽ രവി (45) എന്നിവരെയാണ് പാറശ്ശാല പോലീസ് പിടികൂടിയത്.

ചെങ്കൽ സ്വദേശിയും പെയിൻറിംഗ് തൊഴിലാളിയുമായ സജുവും പോലീസ് ഉദ്യോഗസ്ഥനായ ബൈജുവും തമ്മിൽ ശത്രുതയിലാണ്. പലതവണ ഇരുവരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ട്. സജുവിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ അക്രമികളെത്തിയ വാഹന നമ്പർ കേന്ദ്രീകരിച്ചു നടത്തിയ പരിശോധനയിലാണ് സജി പിടിയിലായത്.

യാദൃച്ഛിക സംഭവമെന്ന നിലയിലാണ് പോലീസ് ആദ്യം കേസെടുത്തതെങ്കിലും സജി ചെങ്കലിൽ എത്തിനുവന്നു എന്നതു കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് സംഭവത്തിൻറെ ചുരുളഴിയുന്നത്. ആക്രമണം നടത്താൻ മുൻകൂറായി 25,000 രൂപ ബൈജു കൈമാറിയതിൻറെ രേഖകളും പോലീസ് കണ്ടെത്തിയിട്ടുണ്ട്.

പാറശാല എസ്എച്ച്ഒ എസ്.എസ്. സജി, എസ്ഐ മാരായ ഹർഷകുമാർ, വേലപ്പൻനായർ, അനന്തകുമാർ, സിപിഒമാരായ സാജൻ, ഷാജൻ, ജോയി, രഞ്ജിത്ത്, അജു, വിപിൻ, അഭിലാഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

## താത്കാലിക ഒഴിവ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെൻ്റ് സെൻ്ററിൽ ഡെവലപ്മെൻ്റ് പീഡിയാട്രീഷ്യൻ്റെ താത്കാലിക ഒഴിവിലേക്ക് നവംബർ 21 ന് അഭിമുഖം നടത്തും. പിജി ഡിപ്ലോമ ഇൻ ഡെവലപ്മെൻ്റ് ന്യൂറോളജി / ഡെവലപ്മെൻ്റൽ ആൻഡ് ബിഹേവിയർ പീഡിയാട്രിക്സിൽ ഫെല്ലോഷിപ്പ് ആണ് യോഗ്യത. ഒരു വർഷത്തെ ഡെവലപ്മെൻ്റൽ പീഡീയാട്രികിസിലെ പരിചയം അഭിലഷണീയം. താൽപര്യമുള്ളവർ വിശദമായ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, അപേക്ഷ എന്നിവയുമായി രാവിലെ 11 മണിക്ക് സി.ഡി.സിയിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: 04712553540.

## പോളണ്ടിൽ അമേരിക്കയുടെ പുതിയ മിസൈൽ ആസ്ഥാനം

വാർസോ:റഷ്യയോട് അടുത്തു കിടക്കുന്ന പോളണ്ടിൽ അമേരിക്കയുടെ പുതിയ മിസൈൽ ആസ്ഥാനം ഇന്നലെ തുറന്നു. ബാൾട്ടിക് തീരത്ത് റെഡ്സിക്കോവോ പട്ടണത്തിൽ സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം 24 വർഷം മുന്പ് നിർമാണമാരംഭിച്ചതാണ്.

നിർമാണം പൂർത്തിയാക്കാൻ ഏറെനാൾ എടുത്തെങ്കിലും അമേരിക്കയുമായുള്ള സൈനികസഖ്യത്തിൻറെ ദൃഢത വ്യക്തമാക്കുന്നതാണു മിസൈൽ ആസ്ഥാനമെന്ന് പോളിഷ് സർക്കാർ വൃത്തങ്ങൾ പറഞ്ഞു.

ഹ്രസ്വ, മധ്യദൂര ബാലിസ്റ്റ് മിസൈലുകളെ വെടിവച്ചിടാൻ ശേഷിയുള്ള ആസ്ഥാനം തങ്ങളെ ലക്ഷ്യമിട്ടാണെന്നു റഷ്യ ആരോപിക്കുന്നു.

എന്നാൽ പശ്ചിമേഷ്യയിൽനിന്നുള്ള മിസൈലുകളെ പ്രതിരോധിക്കാനേ നിലവിൽ ഈ കേന്ദ്രത്തിനു കഴിയൂ എന്നും റഷ്യൻ ആക്രമണത്തെ ചെറുക്കണമെങ്കിൽ റഡാറിൻറെ ദിശ മാറ്റേണ്ടിവരുമെന്നും സൈനികവൃത്തങ്ങൾ പറഞ്ഞതായി വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

നാറ്റോ രാജ്യങ്ങളുടെ സംരക്ഷണത്തിനുള്ള വിപുലമായ മിസൈൽ പ്രതിരോധത്തിൻറെ ഭാഗമാണ് ഈ ആസ്ഥാനം. യുഎസിൽ ഡോണൾഡ് ട്രംപ് അധികാരമേൽക്കാൻ പോകുന്നതിനു മുന്പായിട്ടാണ് ആസ്ഥാനത്തിൻറെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

നാറ്റോ ഫണ്ടിലേക്ക് അംഗരാജ്യങ്ങൾ വേണ്ടത്ര സംഭാവന നല്കുന്നില്ലെന്ന ആക്ഷേപം ട്രംപിനുണ്ട്. ഫണ്ട് വിഹിതം കുറവുള്ള രാജ്യങ്ങളെ സംരക്ഷിക്കാൻ അമേരിക്ക ഉണ്ടാവില്ലെന്നു ട്രംപ് മുന്നറിയിപ്പു നല്കിയിട്ടുണ്ട്.

## ഏറ്റവും വലിയ പവിഴപ്പുറ്റ് പസഫിക്കിൽ

ന്യൂയോർക്ക്: ലോകത്തിലെ ഏറ്റവും വലിയ പവിഴപ്പുറ്റ് പസഫിക് സമുദ്രത്തിൽ കണ്ടെത്തി. തെക്കൻ പസഫിക്കിൽ സോളമൻ ദ്വീപുകളോടു ചേർന്ന് ആഴക്കടലിൽ വളരുന്ന പവിഴപ്പുറ്റിന് 34 മീറ്റർ വീതിയും 32 മീറ്റർ നീളവും 5.5 മീറ്റർ ഉയരവുമുണ്ട്. 300 കൊല്ലത്തെ പഴക്കം അനുമാനിക്കുന്നു.

നാഷണൽ ജ്യോഗ്രഫി ചാനലിൻറെ കാമറാമാനാണ് ഇതു കണ്ടെത്തിയത്. ആഗോളതാപനം പസഫിക്കിൻറെ വിദൂരപ്രദേശങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചുള്ള നാഷണൽ ജ്യോഗ്രഫി പഠനത്തിനിടെ അവിചാരിതമായി പവിഴപ്പുറ്റ് ശ്രദ്ധയിൽപ്പെടുകയായിരുന്നു.

ആഗോളതാപനം മൂലം ലോകത്തിൻറെ മറ്റു ഭാഗത്തു പവിഴപ്പുറ്റുകൾ നേരിടുന്ന പ്രശ്നങ്ങൾ ഇതിനെ ബാധിച്ചിട്ടില്ല. വളരെ ആഴത്തിൽ വളരുന്നതുകൊണ്ടാകാം ഇതെന്നു കരുതുന്നു.

ചൂട് കൂടുതലുള്ള വെള്ളത്തിൽ വളരുന്ന പവിഴപ്പുറ്റുകളിൽ 44 ശതമാനവും നാശഭീഷണി നേരിടുന്നതായി അടുത്തിടെ പഠനങ്ങളിൽ കണ്ടെത്തിയിരുന്നു.

## ലോകായുക്ത ദിനാഘോഷം നവംബർ 16 മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

ഈ വർഷത്തെ ലോകായുക്ത ദിനാഘോഷം നവംബർ 16 വൈകിട്ട് 4 ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ലോകയുക്ത ജസ്റ്റിസ് എൻ അനിൽകുമാർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നിയമ മന്ത്രി പി രാജീവ് വിശിഷ്ടാതിഥി ആയിരിക്കും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ മുഖ്യ പ്രഭാഷണം നടത്തും. അഡ്വക്കേറ്റ് ജനറൽ കെ ഗോപാലകൃഷ്ണ കുറുപ്പ്, ലോകായുക്ത സ്പെഷ്യൽ അറ്റോർണിയും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലുമായ ടി എ ഷാജി, എന്നിവർ പങ്കെടുക്കും. ലോകായുക്ത ദിനാഘോഷത്തോടനുബന്ധിച്ച് രാവിലെ നിയമ വിദ്യാർഥികൾക്കായി മൂട്ട് കോർട്ട് മത്സരം നടക്കും.

## ട്രംപിൻറെ സന്പൂർണ ആധിപത്യം; ജനപ്രതിനിധി സഭയിലും ഭൂരിപക്ഷം

വാഷിംഗ്ടൺ ഡിസി: അമേരിക്കയിൽ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ഡോണൾഡ് ട്രംപിൻറെ റിപ്പബ്ലിക്കൻ പാർട്ടി കോൺഗ്രസിലെ ജനപ്രതിനിധിസഭയിലും ഭൂരിപക്ഷം നേടി.

435 അംഗ സഭയിൽ ഭൂരിപക്ഷത്തിനുവേണ്ട 218 സീറ്റുകൾ റിപ്പബ്ലിക്കന്മാർ ഉറപ്പിച്ചു. പ്രസിഡൻറ് ബൈഡൻറെ ഡെമോക്രാറ്റിക് പാർട്ടിക്ക് ഇതുവരെ 208 സീറ്റുകളാണ് ലഭിച്ചിട്ടുള്ളത്. ഒന്പതു സീറ്റുകളിലെ ഫലം വന്നിട്ടില്ല.

നവംബർ അഞ്ചിലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ സെനറ്റിലും റിപ്പബ്ലിക്കന്മാർ ഭൂരിപക്ഷം നേടി. നൂറംഗ സെനറ്റിൽ റിപ്പബ്ലിക്കന്മാർക്ക് 53ഉം ഡെമോക്രാറ്റുകൾക്ക് 47ഉം സീറ്റുകളാണുള്ളത്.

കോൺഗ്രസിലെ ഇരുസഭകളിലും ഭൂരിപക്ഷം ലഭിച്ചത് ട്രംപിൻറെ ഭരണം അനായാസമാക്കും. കുടിയേറ്റം അടക്കമുള്ള വിഷയങ്ങളിൽ ട്രംപിൻറെ തീരുമാനം തടയാൻ ഡെമോക്രാറ്റുകൾക്കു കഴിയാതാകും.

## വിദ്യാർഥികൾ കുറവ്; സിക്കിമിൽ 97 സ്കൂളുകൾ അടച്ചുപൂട്ടും

ഗാംഗ്ടോക്ക്: വിദ്യാർഥികളുടെ എണ്ണം കുറവായതിനാൽ 97 സ്കൂളുകൾ അടച്ചുപൂട്ടാൻ സിക്കിം സർക്കാർ തീരുമാനിച്ചു. 78 പ്രൈമറി സ്കൂളുകളും 12 ഹൈസ്കൂളുകളും ഏഴ് സീനിയർ സെക്കൻഡറി സ്കൂളുകളുമാണ് അടച്ചു പൂട്ടുന്നതെന്ന് വിദ്യാഭ്യാസ മന്ത്രി രാജു ബാസ്നെറ്റ് പറഞ്ഞു.

നിലവിലെ സെമസ്റ്ററിന് ശേഷം ഈ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മറ്റു സ്കൂളുകളിൽ ചേരാൻ അവസരം ഒരുക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കും.

# വയനാട് ദുരന്തം: കേന്ദ്ര നിലപാട് കേരളത്തോടുള്ള വെല്ലുവിളി

കെ രാജൻ
(റവന്യൂ ഭവന നിർമ്മാണം വകുപ്പ് മന്ത്രി)

ചൂരൽമലയിലെ ദുരന്തം നടന്നിട്ട് 109 ദിവസം പിന്നിടുകയാണ്. സമീപ ഭൂതകാലം കണ്ടതിൽവച്ച് ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നായിരുന്നു ചൂരൽമലയിലേത് എന്ന കാര്യം വിശദീകരിക്കേണ്ടതില്ല. 254 പേരുടെ ജീവൻ നഷ്ടപ്പെട്ട ഒരു ദുരന്തം. 47 പേരെ ഡിഎൻഎ പരിശോധന ഫലത്തിലൂടെ മരണപ്പെട്ടവരുടെ കൂട്ടത്തിലോ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലോ എന്ന് നാം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു സമയം.

ഇന്ത്യ കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തമായിരുന്നു ഇത് എന്ന് എല്ലാ വിഭാഗം ആളുകളും പ്രഖ്യാപിക്കപ്പെട്ട അനുഭവമാണ് ഉണ്ടായത്. എന്നാൽ 109 ദിവസം കഴിഞ്ഞിട്ടും ചൂരൽമലയിലെ ദുരന്തബാധിതരെ സഹായിക്കാനും പ്രത്യാശ നൽകാനും ഏതെങ്കിലും വിധത്തിലുള്ള ഒരു നടപടിക്കും കേന്ദ്ര സർക്കാർ തയ്യാറായില്ല എന്ന വസ്തുത, ഏറ്റവും ദുഃഖകരവും പ്രതിഷേധാർഹവുമായ കാര്യമാണ്.

ദുരന്തമുണ്ടായ ഉടനെ തന്നെ ദേശീയ ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ സഹായങ്ങളും അഭ്യർത്ഥിച്ചിരുന്നു. പ്രധാനമന്ത്രി തന്നെ ഓഗസ്റ്റ് 10ന് നേരിട്ടെത്തി ചൂരൽമലയിലും ബെയ്‌ലി പാലത്തും വെള്ളാർമല സ്കൂളിലും മേപ്പാടി ആശുപത്രിയിലുമെല്ലാം സന്ദർശിച്ചു. കല്പറ്റയിലെ കളക്ടറേറ്റിൽ മുഖ്യമന്ത്രി പിണറായി വിജയൻ മുതൽ മന്ത്രിമാരും ചീഫ് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥന്മാരുമായും ആശയവിനിമയം നടത്തി. കേരളത്തിന് കൂടുതൽ സഹായങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയാണ് ഇതോടെ ഉണ്ടായത്. 1979ൽ ഗുജറാത്തിലുണ്ടായ ഒരു മഹാദുരന്തവുമായി താൻ ചൂരൽമല ദുരന്തത്തെ താരതമ്യപ്പെടുത്തുകയാണെന്നും ആ ദുരന്തഭൂമിയിൽ വളണ്ടിയറായി പ്രവർത്തിച്ച ഓർമ്മയാണ് മനസിൽ നിറയുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞതോടെ ആ പ്രതീക്ഷ വർധിച്ചു. കേരളത്തിലെ എല്ലാവിധത്തിലുമുള്ള സഹായങ്ങളും ലഭ്യമാക്കും എന്നുകൂടി പ്രഖ്യാപിച്ചാണ് അദ്ദേഹം മടങ്ങിയത്.

കേരളത്തിലെ ദുരന്തത്തെ കുറിച്ച് പഠിക്കാൻ ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീം (ഐഎംസിടി) എത്തിച്ചേർന്ന് ചൂരൽമലയിലെ നഷ്ടത്തിന്റെ പ്രാഥമികമായ കണക്കെടുക്കുകയും വിശദമായ മെമ്മോറാണ്ടം കേന്ദ്രത്തിന് സമർപ്പിക്കാൻ കേരളത്തോട് നിർദേശിക്കുകയും ചെയ്തു. അതനുസരിച്ച് ഓഗസ്റ്റ് ഒമ്പതിന് മെമ്മോറാണ്ടത്തിന്റെ കരട് ഐഎംസിടിയുടെ മുന്നിൽ അവതരിപ്പിക്കുകയും അവരുടെ വിശദമായ പരിശോധനകൾക്കുശേഷം ഓഗസ്റ്റ് 17ന് 1202 കോടി രൂപയുടെ നഷ്ടത്തെ സംബന്ധിച്ച വിശദാംശങ്ങളോടെ വിശദമായ നിവേദനം കേന്ദ്രത്തിന് സമർപ്പിച്ചു.

കേന്ദ്രത്തിൽ നിന്നുള്ള അനുകൂല നടപടി വൈകിയതോടെ കേരളത്തിന്റെ മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ വീണ്ടും അഭ്യർത്ഥിച്ചു. എല്ലാവിധത്തിലുമുള്ള സഹായങ്ങളും അന്നും പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു. ഡൽഹിയിലെ കേരള സർക്കാരിന്റെ പ്രതിനിധിയായ കെ വി തോമസ് കേന്ദ്ര ധനകാര്യമന്ത്രിയെ കണ്ട് കേരളത്തിന്റെ ആവശ്യങ്ങളടങ്ങിയ നിവേദനം വീണ്ടും സമർപ്പിച്ചിരുന്നു.

നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും സഹായങ്ങൾ അഭ്യർത്ഥിക്കുക മാത്രമല്ല കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. മൂന്ന് പ്രധാനമായ ആവശ്യങ്ങൾ ആദ്യ നിവേദനം മുതൽ ആവശ്യപ്പെട്ടിരുന്നു. അതിൽ ആദ്യത്തേത്, മേപ്പാടി ചൂരൽമല ഉരുൾ പൊട്ടൽ ദേശീയ ദുരന്ത പ്രതികരണ നിധി(എൻഡിആർഎഫ്)യുടെ മാനദണ്ഡം അനുസരിച്ച് ഡിസാസ്റ്റർ ഓഫ് സീവിയർ നേച്ചർ ആയി പ്രഖ്യാപിക്കണം എന്നതാണ്.

എൻഡിആർഎഫ് മാനദണ്ഡം അനുസരിച്ച് നാല് വിധത്തിലാണ് ദുരന്തങ്ങളെ പ്രഖ്യാപിക്കുക. സാധാരണ നിലയിൽ വലിയ പ്രയാസങ്ങളില്ലാത്ത ദുരന്തങ്ങളെ എൽസീറോയിൽ പെടുത്തും. ജില്ലകൾക്കകത്തു തന്നെ പരിഹരിക്കപ്പെടാവുന്ന ദുരന്തങ്ങളെ എൽവൺ വിഭാഗത്തിൽ പ്രഖ്യാപിക്കും. സംസ്ഥാനങ്ങൾക്ക് നിർവഹിക്കാൻ കഴിയുന്ന വിധത്തിലുള്ള നിവാരണ പ്രവർത്തനങ്ങളേ ഉള്ളൂവെങ്കിൽ എൽ2 ൽ പെടുത്തും. എൽ3 എന്നാൽ ഡിസാസ്റ്റർ ഓഫ് സീവിയർ നേചറാണ്. അത് സംസ്ഥാനത്തിന് മാത്രം നിയന്ത്രിക്കാൻ പറ്റാത്ത വിധത്തിലുള്ള ദുരന്തങ്ങളാണ്.

നിർബന്ധമായും കേന്ദ്ര സഹായത്താലും കൂടി പരിഹരിക്കേണ്ട വിധത്തിലുള്ളവയാകും. ഈ വിഭാഗത്തിൽപ്പെടുത്തിയാൽ പുനരധിവാസത്തിന് കൂടുതൽ തുക വിവിധ അന്തർദേശീയ, ബഹുരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്താൻ സംസ്ഥാന സർക്കാരിന് സാധിക്കും. ഇതിനു പുറമെ, ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് കൂടുതൽ സഹായം നൽകേണ്ടതായും വരും.

രണ്ടാമത്തെ ആവശ്യം, ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 13 പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ദുരന്ത ബാധിതരുടെ എല്ലാ ലോണുകളും എഴുതി തള്ളണം എന്നതായിരുന്നു. ഉരുൾ പൊട്ടൽ ബാധിത മേഖലയ്ക്കായി ദുരന്ത പ്രതികരണ നിധിയിൽ നിന്നും അടിയന്തര അധിക സഹായം അനുവദിക്കണമെന്നായിരുന്നു മൂന്നാമത്തെ ആവശ്യം.

കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായി കേരളത്തിന് നൽകിയ മറുപടിയിൽ ഈ മൂന്ന് കാര്യത്തെക്കുറിച്ചും ഒരക്ഷരം പോലും പറഞ്ഞിട്ടില്ല. അദ്ദേഹം കത്തിൽ വിവരിക്കുന്നത് എൻഡിആർഎഫിന്റെയും എസ്ഡിആർഎഫിന്റെയും നിലവിലെ മാനദണ്ഡ പ്രകാരം ഒരു ദുരന്തവും ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കഴിയില്ല എന്നാണ്. ഈ നിയമം കേരളത്തിനും കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റിക്കും അറിയാവുന്നതാണ്. അതുകൊണ്ടാണ് ഡിസാസ്റ്റർ ഓഫ് സീവിയർ നാചർ വിഭാഗത്തിൽ ചൂരൽമല ദുരന്തത്തെ പെടുത്തണം എന്നാണ് നിവേദനങ്ങളിലൂടെ ആവശ്യപ്പെട്ടത്.

എന്നാൽ തെറ്റായ കണക്കുകളാണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ഈ വിഷയത്തിൽ കേരളത്തിനോട് പറയുന്നത്. കേരളത്തിനുള്ള എസ്ഡിആർഎഫിന്റെ ഈ വർഷത്തേക്കുള്ള സർക്കാർ വിഹിതം കേന്ദ്രം നൽകിയിട്ടുണ്ട് എന്നാണ് കത്തിൽ പറയുന്നത്. അതിൽ പ്രത്യേകത ഒന്നുമില്ല. ഒരു സാധാരണ പ്രക്രിയ മാത്രം. 202425 വർഷത്തിൽ എസ്ഡിആർഎഫിന്റെ കേരളവിഹിതം പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ നിർദേശപ്രകാരം 291.20 കോടി രൂപ രണ്ട് ഘട്ടങ്ങളിലായി കേന്ദ്രം നൽകിയിട്ടുണ്ട്. പക്ഷെ ആ പണം ചൂരൽമലയിലെ ദുരന്തബാധിതർക്ക് ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കാൻ കഴിയുന്ന അധിക സഹായമല്ല. ചൂരൽമലയുടെ പുനരധിവാസത്തിന് കേരളം ആവശ്യപ്പെടുന്നത് എസ്ഡിആർഎഫിന്റെ മാനദണ്ഡത്തിനപ്പുറമുള്ള അധിക സഹായമാണ്. എസ്ഡിആർഎഫ് എല്ലാ സംസ്ഥാനങ്ങൾക്കും പ്രത്യേകമായി ദുരന്തങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും സാധാരണ നിലയിൽ നൽകിക്കൊണ്ടിരിക്കുന്ന ഒന്നാണ്. കേരളത്തിൽ 394 കോടി രൂപ ബാക്കിയുണ്ടെന്ന് കേന്ദ്ര മന്ത്രി പറയുന്നുണ്ട്.

എസ്ഡിആർഎഫിലെ തുക ഒരിക്കലും ലാപ്സായി പോകുന്ന ഒന്നല്ല. അത് തുടർച്ചയായി അക്കൗണ്ടിൽ ഉണ്ടായിക്കൊണ്ടേയിരിക്കും. ആ അക്കൗണ്ട് ഉപയോഗിച്ചുകൊണ്ടാണ് കേരളത്തിൽ ഉണ്ടാവുന്ന ചെറുതും വലുതുമായ എല്ലാ ദുരന്തങ്ങൾക്കും ദുരന്തനിവാരണ നിയമപ്രകാരം സഹായങ്ങൾ ലഭ്യമാക്കുന്നത്. ഫ്ളഡ് റോഡുകൾ ഇതുവരെ അനുവദിക്കപ്പെട്ടതെല്ലാം ഈ മാനദണ്ഡത്തിലാണ്.

തിരുവനന്തപുരത്തെ മഴക്കെടുതി മുതൽ കാസർക്കോട്ടെ നീലേശ്വരം വെടിക്കപകടത്തിൽപ്പെട്ടവരുടെ ചികിത്സാ സഹായം ഉൾപ്പടെ നൽകുന്നത്. അതിന് പ്രത്യേകമായി ഒരു അഭ്യർത്ഥനയോ നിർദേശമോ കേന്ദ്ര സർക്കാരിന് മുന്നിൽ ഓരോ ഘട്ടത്തിലും വയ്ക്കേണ്ടതില്ല. മരണമുണ്ടായാൽ ഏറ്റവും കൂടുതൽ കൊടുക്കാൻ കഴിയുന്ന സംഖ്യ നാല് ലക്ഷം രൂപയാണ്. അംഗവൈകല്യമുൾപ്പടെ ഓരോ സംഭവങ്ങൾക്കും കൊടുക്കാനാവുന്ന തുകയും നിശ്ചയിച്ചിട്ടുണ്ട്. ഒരു ഫ്ളഡ് റോഡിന് ഏറ്റവും കൂടിയാൽ ഒരു കിലോമീറ്ററിന് 75,000 രൂപയാണ്. ഒരു വീടാണ് തകർന്നതെങ്കിൽ 1.30 ലക്ഷം രൂപ വരെയാണ് കൊടുക്കാനാവുക. എസ്ഡിആർഎഫിന്റെ തുക ഉപയോഗിച്ച് നികത്താനാവുന്ന ഒരു ദുരന്തമേ അല്ല മേപ്പാടിചൂരൽമല ഉരുൾപ്പൊട്ടൽ.

എസ്ഡിആർഎഫിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ട് കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ നിരവധി തവണ കേന്ദ്രത്തിന് കത്തെഴുതിയിട്ടുണ്ട്. റവന്യു വകുപ്പ് മന്ത്രി എന്ന നിലയിൽ ഞാൻ തന്നെ നേരിട്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയെ പലതവണ കണ്ട് അഭ്യർത്ഥന നടത്തിയിട്ടുണ്ട്.

കേരള ഹൈക്കോടതി സ്വമേധയാ എടുത്ത കേസിൽ തന്നെ കേരളം ആവശ്യപ്പെട്ട പ്രശ്നങ്ങളോട് കൃത്യമായ മറുപടി നൽകണം എന്ന് കേന്ദ്ര സർക്കാരിനോട് പലതവണ ആവശ്യപ്പെട്ടിരുന്നു. ആദ്യ ഘട്ടത്തിൽ ഭരണഘടനയുടെ വിവിധങ്ങളായ വകുപ്പുകളെ ഉദ്ദരിച്ചുകൊണ്ടാണ് നിർബന്ധമായും കേരളത്തിലുള്ള സഹായം ലഭ്യമാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞത്. സെക്ഷൻ 13 പ്രകാരം കടങ്ങൾ എഴുതി തള്ളണമെന്നും സിക്കിം, ഹിമാചൽപ്രദേശ്, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങൾക്ക് അനുവദിച്ചതുപോലെ ആവശ്യമായ സഹായം അടിയന്തരമായി കേരളത്തിന് നൽകണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. അടുത്ത ഹിയറിങ്ങിൽ വിവരം നൽകാം എന്ന് പറഞ്ഞ് ഓരോ തവണയും കേന്ദ്ര സർക്കാർ രക്ഷപ്പെടുന്നതല്ലാതെ ഒരുവിധത്തിലും ഉചിതമായ മറുപടി നൽകിയില്ല എന്നതാണ് വസ്തുത. ഇന്നലെയും നവംബർ 15 നും കോടതിയിൽ കേന്ദ്ര അഭിഭാഷകൻ ഇതുതന്നെ ആവർത്തിച്ചു.

ഐഎംസിടിയുടെ സന്ദർശനം തന്നെ ഇതൊരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കാവുന്ന എൽ3 വിഭാഗത്തിലുള്ള ഒന്നാണ് എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്. ഐഎംസിടിയുടെ മുന്നിൽ രണ്ട് കാര്യങ്ങൾ മാത്രമേ തിട്ടപ്പെടുത്താനുള്ളു. ഒന്ന് ഇതിനെ ഡിസാസ്റ്റർ സീവിയർ നാചർ വിഭാഗത്തിൽ പെടുത്താമോ എന്ന കാര്യം. രണ്ട് അങ്ങനെയാണെങ്കിൽ എന്താണ് കേരളത്തിന് അധിക സഹായം എന്ന് നിശ്ചയിക്കൽ. ഈ രണ്ട് കാര്യങ്ങളും 109 ദിവസങ്ങൾ കഴിഞ്ഞിട്ടും കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല എന്നുള്ളത് ഏറ്റവും സങ്കടകരവും ആശങ്കാജനകവുമാണ്.

നിത്യാനന്ദ റായിയുടെ കത്ത് വെളിപ്പെടുത്തുന്നത്, കേന്ദ്ര മന്ത്രിയും ബിജെപിയും പറയുന്നതുപോലെ കേന്ദ്രത്തിന് നൽകിയ നിവേദനത്തിൽ ഏതെങ്കിലും വിധത്തിലുള്ള കുറവുകൾ ഉണ്ടായതുകൊണ്ടോ, ഏതെങ്കിലും രേഖകൾ കൊടുക്കാഞ്ഞിട്ടോ അല്ല കേന്ദ്ര സഹായം നൽകാത്തത്. ആണെങ്കിൽ കത്തിൽ അത് പറയുമായിരുന്നുവല്ലോ?

കേന്ദ്ര സർക്കാരിന്റെ സമീപനം കേരളത്തോടുള്ള നിഷേധ നിലപാടിന്റെ ഭാഗമെന്നാണ് മനസിലാക്കേണ്ടത്.

ഓഖിയിലും, 2018ലെ പ്രളയത്തിലും എൽ3 പട്ടികയിൽപ്പെടുന്ന ദുരന്തമായാണ് പ്രഖ്യാപിച്ചത്. ചൂരൽമല ദുരത്തെ ഈ ഘട്ടത്തിൽ അങ്ങനെ കാണുന്നില്ല എന്ന കേന്ദ്ര നിലപാട് വളരെ ഖേദകരമാണ്. എതിർ രാഷ്ട്രീയ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന ഇത്തരം ദുരന്തങ്ങളെ സഹായിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവുന്നില്ല എന്നതിന്റെ തെളിവാണ്, ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ദുരന്ത നിവാരണ സഹായം ലഭ്യമാക്കുന്നതിന് കേന്ദ്രത്തിനെതിരെ തമിഴ്നാട്, കർണാടക സർക്കാരുകൾക്ക് സുപ്രീം കോടതിയെ സമീപിക്കേണ്ടിവന്നത്.

കേരളത്തിന് ആവശ്യം എസ്ഡിആർഎഫ് മാത്രമല്ല. അതിലെ തുക കൊണ്ട് മറികടക്കാവുന്ന ഒരു ദുരന്തമല്ല ചൂരൽമലയിലേത്. എല്ലാം നഷ്ടപ്പെട്ട മനുഷ്യരുടെ നിലവിളികൾ തുടരുന്ന അതിഭീകരമായ അവസ്ഥയാണിപ്പോഴും അവിടെ. പ്രധാനമന്ത്രി നരേന്ദ്രമോഡി കയ്യിൽ എടുത്ത് ഓമനിച്ചുകൊണ്ട് ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ട രണ്ടര വയസുകാരി നൈസ ഇപ്പോഴും വാടക വീട്ടിലാണ് താമസിക്കുന്നത് എന്ന കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രി അറിയുന്നുണ്ടാവില്ല. നൈസയെ പോലെ നൂറുകണക്കിന് കുട്ടികളും നിരാലംബരായ മനുഷ്യരും ഇപ്പോഴും ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ഒരു നാടാണ് ചൂരൽമല. അവിടത്തെ ജനങ്ങളെ സംസ്ഥാന സർക്കാർ ഒരു കാരണവശാലും ഒറ്റപ്പെടുത്തില്ല. ഇപ്പോൾ തന്നെ എസ്ഡിആർഎഫിനു പുറമെ ധാരാളമായ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അംഗവൈകല്യം വന്നവർക്കും ക്യാമ്പുകളിൽ താമസിക്കുന്നവർക്കും എസ്ഡിആർഎഫിനു പുറമെയുള്ള അധിക സഹായം, വാടക വീടുകളിലേക്ക് മാറ്റിപാർപ്പിച്ചവർക്കു നൽകുന്ന വീട്ടുവാടക, അടിയന്തര സഹായങ്ങൾ തുടങ്ങി കോടിക്കണക്കിന് രൂപയുടെ സഹായങ്ങളാണ് നൽകി വരുന്നത്.

ഇവിടേയ്ക്ക് വിമാനങ്ങളും കേന്ദ്രസേനയുടെ സൗകര്യങ്ങളും അയച്ചതിനെക്കുറിച്ച് കേന്ദ്ര സഹമന്ത്രി കത്തിൽ വിവരിക്കുന്നുണ്ട്. കേരളം ആവശ്യപ്പെടാതെ ചിലത് ചെയ്തു എന്നാണ് അതിനെ വിശേഷിപ്പിക്കുന്നത്. ഇവിടെ നൽകിയ കേന്ദ്ര സേവനങ്ങളെ മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാനവും മന്ത്രിസഭയുമെല്ലാം ഏറ്റവും നന്ദിയോടെയാണ് സ്മരിച്ചത്. ഇവിടെ സേവനമനുഷ്ഠിച്ച വിമാനങ്ങൾക്കുള്ള വാടക എസ്ഡിആർഎഫിൽ നിന്നുതന്നെ പണം കൊടുക്കേണ്ടി വരും എന്നത് 2018ലെ അനുഭവങ്ങൾ കൊണ്ട് കേരളത്തിന് ബോധ്യമുള്ള കാര്യമാണ്. എന്നാൽ കേന്ദ്ര സംഘം കേരളം ആവശ്യപ്പെടാതെ തന്നെ വന്നു എന്നതും പ്രധാനമന്ത്രി വന്നതും കേന്ദ്ര ആഭ്യന്തര സഹമന്ത്രി വളരെ അഭിമാനത്തോടെ പരാമർശിക്കുന്നത് എന്തുകൊണ്ടാണ് എന്ന് മനസിലാകുന്നില്ല. ഒരു ദുരന്തം നടന്നാൽ കേരളം ആവശ്യപ്പെട്ടാൽ മാത്രമേ സംഘത്തെ അയയ്ക്കൂ എന്നതാണോ ജനാധിപത്യം?

ഇതൊരു ഭരണഘടനയെ ആസ്പദമാക്കിയെടുക്കുന്ന ഒരു രാജ്യമാണ്. അതൊരു ഫെഡറൽ തത്വത്തിനും അംഗീകാരം കൊടുക്കുന്നുണ്ട്. ദുരന്തമുണ്ടായാൽ ഒരു ഫെഡറൽ സംസ്ഥാനത്തെ കരകയറ്റിയെടുക്കാനുള്ള ഉത്തരവാദിത്തം കേന്ദ്രത്തിനുണ്ട്.

ഇപ്പോഴും കേരളം പ്രതീക്ഷയിലാണ്. കോടതി ഇടപെടലുകൾ നടക്കുന്നു. ഐഎംസിടിയുടെ പരിശോധനകൾക്ക് ശേഷം സഹായം ചെയ്യാമെന്ന സൂചനകളുണ്ട്. പക്ഷെ ഇത്രയേറെ കാലതാമസം ഉണ്ടാകുന്നതിന് ഒരു ന്യായീകരണവുമില്ല.

ശ്രുതിയെ നമുക്കറിയാം. ശ്രുതി ഒറ്റപ്പെട്ടവരുടെ കൂട്ടത്തിൽ കേരളം ഏറെ ദുഃഖത്തോടെ തേങ്ങിയ ഒരു പെൺകുട്ടിയാണ്. ശ്രുതിക്ക് ജോലി കൊടുക്കാൻ സർക്കാർ തീരുമാനിച്ചു. പക്ഷെ, ശ്രുതിയെപ്പോലെ 10 സ്ത്രീകളും അഞ്ച് പുരുഷന്മാരും 18 വയസിൽ താഴെയായ ആറ് കുട്ടികളും ഉൾപ്പടെയുള്ള 21 പേർക്ക് ഈ ഭൂമിയിൽ സ്വന്തമെന്ന് പറയാൻ ആരും തന്നെ ബാക്കിയില്ല. മരണപ്പെട്ടുപോയ 57 പേർക്കുള്ള നഷ്ടപരിഹാരം കൊടുക്കാൻ രക്തബന്ധമുള്ള ഒരാളും ജീവിച്ചിരിപ്പില്ല. ദുരന്ത ഭൂമിയിലും നമ്മളെ ഒറ്റപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ നീക്കം അപലനീയമാണ്. കേവല രാഷ്ട്രീയ താൽപര്യങ്ങൾക്കപ്പുറത്ത് കേരളത്തിന്റെ അവകാശം സംരക്ഷിക്കാൻ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ കൂട്ടായ്മ അനിവാര്യമാണ്.

കേന്ദ്രത്തിലെ സഹായം ലഭ്യമാകുന്നില്ല എന്ന ഓരോ വാർത്തയും നിരാശരും നിലാരംബരുമായ ഓരോ ദുരന്ത ബാധിതരുടെയും മനസിൽ കനത്ത അഗ്നിയാണ് കോരിയിടുന്നത്. ഒരു കാര്യം സംസ്ഥാന സർക്കാരിന് വേണ്ടി പറയുന്നു; എന്തെല്ലാം വിധത്തിൽ സഹായങ്ങൾ ഇല്ലായ്മ ചെയ്യാൻ മുതിർന്നാലും കേരളം ലോകത്തുള്ള മുഴുവൻ മലയാളികളെയും കൂട്ടി അവസാനത്തെ ദുരന്തബാധിതനെയും പുനരധിവസിപ്പിക്കും. അതിനുള്ള ആർജവം കേരളത്തിനുണ്ട്.

## തേക്കടിയിൽ ഇസ്രയേൽ വനിതയെ അധിക്ഷേപിച്ച കാഷ്മീർ സ്വദേശികളെ പോലീസ് താക്കീത് ചെയ്തു

കുമളി: തേക്കടി ജംഗ്ഷനിൽ കാഷ്മീർ സ്വദേശികൾ നടത്തുന്ന കരകൗശല വിൽപന കേന്ദ്രത്തിൽ ഇസ്രയേൽ സ്വദേശിയായ വനിതയെ പൗരത്വത്തിൻറെ പേരിൽ അധിക്ഷേപിച്ചു. സംഭവത്തിൽ കട ഉടമയെ പോലീസ് സ്റ്റേഷനിലെത്തിച്ച് താക്കീതു ചെയ്തശേഷം വിട്ടയച്ചു.

ബുധനാഴ്ച രാത്രി ഏഴരയോടെയാണ് കടയിൽ സാധനങ്ങൾ വാങ്ങാൻ എത്തിയ വനിതയെ ഇസ്രയേൽകാരിയാണെന്നതിൻറെ പേരിൽ കടയിൽനിന്ന് ഇറക്കിവിട്ടത്.

ഇസ്രയേൽ സ്വദേശിയായ വനിത കാൾ നിറ്റ് (53) ഇവരുടെ ഭർത്താവ് ജർമൻ സ്വദേശി ഓഡിസ് (51 )എന്നിവർ തേക്കടി സന്ദർശനത്തിനെത്തിയ തായിരുന്നു.

തേക്കടി റോഡിൽ ഫുട്പാത്തിലൂടെ നടന്നു പോയ ദന്പതികളെ കാഷ്മീരി യുവാവ് ഫയാസ് അഹമ്മദ് റാഥർ കടയിലേക്ക് ക്ഷണിച്ചു കയറ്റുകയായിരുന്നു. കാൾനിറ്റ് (53) മാത്രമാണ് കടയിൽ കയറിയത്.

വാങ്ങേണ്ട സാധനങ്ങൾ കാൾനിറ്റ് ഇസ്രയേലിലുള്ള മകളെ വീഡിയോ കോളിൽ കാണിക്കവേ കടയിലെ ജീവനക്കാരനായ ഫയാസ് സ്ത്രീയുടെ പൗരത്വം മനസിലാക്കി. ഇതോടെ കടയിലെ ലൈറ്റ് അണച്ച് ഇറങ്ങിപ്പോകാൻ ആവശ്യപ്പെടുകയായിരുന്നു.

സംഭവമറിഞ്ഞ ഇവരുടെ ഡ്രൈവർ വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികളെ വിവരമറിയിച്ചു. സംഘടനാ ഭാരവാഹികൾ ഇടപെട്ടതോടെ സമീപത്തെ കരകൗശല വിൽപന ശാലയിൽ ജോലി ചെയ്യുന്ന ഫയാസിൻറെ സഹോദരൻ മുഹമ്മദ് ഷാഫി സഞ്ചാരികളോട് മാപ്പ് പറഞ്ഞു.

സഞ്ചാരികളോട് അപമര്യാദയായി പെരുമാറിയ കടയിലെ ജീവനക്കാരനെ കുമളിയിൽനിന്നു നീക്കാനും കട അടച്ചിടാനും വ്യാപാരി വ്യവസായി ഏകോപന സമിതി തീരുമാനിച്ചതായി യൂണിറ്റ് പ്രസിഡൻറ് മജോ കാരിമുട്ടം അറിയിച്ചു.

കാഷ്മീരി യുവാവ് മുൻപും ഇത്തരത്തിൽ പ്രകോപനങ്ങൾ ഉണ്ടാക്കിയതായും പറയപ്പെടുന്നു. വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പരാതിയിൽ കുമളി പോലീസ് കട ഉടമയെയും ജീവനക്കാരനെയും വിളിച്ചു വരുത്തി താക്കിത് നൽകി വിട്ടയച്ചു.

## അനുശോചനം രേഖപ്പെടുത്തി

കണ്ണൂരിലെ കേളകത്ത് നടന്ന അപകടത്തിൽ ജെസി മോഹൻ, അഞ്ജലി എന്നീ അഭിനേത്രികൾക്ക് ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അനുശോചനം രേഖപ്പെടുത്തി. കായംകുളം ദേവാ കമ്മ്യൂണിക്കേഷൻസിന്റെ വനിതാ മെസ്സ് എന്ന നാടകസംഘം സഞ്ചരിച്ച വാഹനമാണ് അപകടത്തിൽ പെട്ടത്.

## ഗാസയിലെ സഹായവിതരണം: ഇസ്രയേൽ നിയമം തെറ്റിച്ചിട്ടില്ലെന്ന് അമേരിക്ക

വാഷിംഗ്ടൺ ഡിസി: ഗാസയിൽ സഹായവിതരണം നിഷേധിക്കുന്നു എന്ന ആരോപണത്തിൽ ഇസ്രയേൽ അമേരിക്കൻ നിയമങ്ങൾ ലംഘിച്ചിട്ടില്ലെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് വക്താവ് വേദാന്ത് പട്ടേൽ പറഞ്ഞു.

സഹായവിതരണം പുനഃസ്ഥാപിക്കുന്നതിന് ഇസ്രയേലിന് അമേരിക്ക നല്കിയ 30 ദിവസത്തെ കാലാവധി ചൊവ്വാഴ്ച അവസാനിച്ച പശ്ചാത്തലത്തിലാണു വക്താവ് ഇക്കാര്യം പറഞ്ഞത്. ഇല്ലെങ്കിൽ, ഇസ്രയേലിന് ആയുധങ്ങൾ നൽകില്ലെന്ന് അമേരിക്ക മുന്നറിയിപ്പു നല്കിയിരുന്നു.

വടക്കൻ ഗാസയിൽ സഹായവിതരണം ഉറപ്പാക്കാൻ ഇസ്രയേൽ നടപടികൾ എടുത്തതായി വേദാന്ത് പട്ടേൽ അറിയിച്ചു. എന്നാൽ, കൂടുതൽ നടപടികൾ വേണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, വടക്കൻ ഗാസ വൈകാതെ ക്ഷാമത്തിൻറെ പിടിയിലാകുമെന്നു യുഎൻ മുന്നറിയിപ്പു നല്കിയിട്ടുണ്ട്.

## കേരളത്തിൽ താമസിക്കുന്നവർക്ക് ഏത് ആർടി ഓഫീസിലും വാഹനം രജിസ്റ്റർ ചെയ്യാം: ഹൈക്കോടതി

കൊച്ചി: കേരളത്തിൽ താമസിക്കുന്നതോ ബിസിനസ് നടത്തുന്നതോ ആയ വ്യക്തിക്ക് സംസ്ഥാനത്തെ ഏത് ആർടിഒയിലും വാഹനം രജിസ്റ്റർ ചെയ്യാമെന്ന് ഹൈക്കോടതി.

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 40 അനുസരിച്ച് സംസ്ഥാനത്ത് എവിടെ താമസിച്ചാലും ഇഷ്ടമുള്ള ആർടിഒയിൽ രജിസ്റ്റർ ചെയ്യാം. അതിനാൽ ഇത്തരം അപേക്ഷകൾ നിരസിക്കരുതെന്നും കോടതി ഉത്തരവിട്ടു.

തിരുവനന്തപുരം കഴക്കൂട്ടത്ത് താമസിക്കുന്നയാൾ വാഹനം ആറ്റിങ്ങലിൽ രജിസ്റ്റർ ചെയ്യാൻ നൽകിയ അപേക്ഷ നിരസിച്ചതിനെതിരെ സമർപ്പിച്ച ഹർജിയിലാണു കോടതി നിർദേശം.

ആറ്റിങ്ങൽ ആർടിഒയുടെ അധികാരപരിധിയിൽ ഹർജിക്കാരൻ താമസിക്കുന്നില്ലെന്നും ജോലി ചെയ്യുന്നില്ലെന്നും ചൂണ്ടിക്കാട്ടിയായിരുന്നു അപേക്ഷ നിരസിച്ചത്.

തിരുവനന്തപുരം ജില്ലയിലെ കിയ ഓട്ടോമോട്ടീവ് മാനുഫാക്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിൽനിന്നു വാങ്ങിയ കിയ സോണെറ്റ് കാറാണ് ഹർജിക്കാരൻ ആറ്റിങ്ങലിൽ രജിസ്റ്റർ ചെയ്യാൻ ശ്രമിച്ചത്.

ആറ്റിങ്ങൽ ആർടിഒ അദ്ദേഹത്തിന് താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകി. റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ പരിവാഹൻ ഓൺലൈൻ പോർട്ടൽ നടത്തിയ ഫാൻസി നമ്പറുകൾക്കായുള്ള ഓൺലൈൻ ലേലത്തിലാണ് ഹർജിക്കാരൻ പങ്കെടുത്തത്.

കാറിന് 3,500 രൂപയ്ക്ക് ഫാൻസി രജിസ്ട്രേഷൻ നമ്പറും ഉറപ്പിച്ചു. തുടർന്ന് ആറ്റിങ്ങൽ ആർടിഒയെ സമീപിച്ചപ്പോൾ രജിസ്ട്രേഷനായി കഴക്കൂട്ടം ആർടിഒയെ സമീപിക്കണമെന്ന് അറിയിച്ചു.

ആറ്റിങ്ങൽ ആർടിഒയുടെ അധികാരപരിധിയിൽ ഹർജിക്കാരന് താമസമോ ജോലിയോ ഇല്ലെന്നു വ്യക്തമാക്കിയിരുന്നു.

2019ലെ മോട്ടോർ വെഹിക്കിൾസ് (ഭേദഗതി) നിയമത്തിൻറെ 40ാം വകുപ്പ് പ്രകാരം വ്യക്തി താമസിക്കുന്നതോ ബിസിനസ് സ്ഥലമോ ഉള്ളിടത്തെ 'സംസ്ഥാനത്തെ ഏതെങ്കിലും രജിസ്ട്രേഷൻ അതോറിറ്റിക്ക്'മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഹർജിക്കാരൻ വാദിച്ചു.

## വിദ്യാർഥിനിക്ക് പരിക്ക്; ജീവനക്കാർ കസ്റ്റഡിയിൽ

കൊല്ലം: കൊട്ടാരക്കര പുത്തൂരിൽ സ്വകാര്യ ബസിൽ നിന്നും തെറിച്ചു വീണ് വിദ്യാർഥിനിക്ക് പരിക്ക്. കൊട്ടാരക്കര മാർത്തോമാ ഗേൾസ് ഹൈസ്കൂളിലെ വിദ്യാർഥിനിക്കാണ് പരിക്കേറ്റത്.

പരിക്കേറ്റ കുട്ടിയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്വകാര്യ ബസും രണ്ട് ജീവനക്കാരെയും പുത്തൂർ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ഇന്ന് രാവിലെ ഒൻപതരയോടെയാണ് സംഭവം. പൂത്തൂർ കല്ലുംമൂട്ടിൽ നിന്നുമാണ് വിദ്യാർഥിനി സ്വകാര്യ ബസിൽ കയറിയത്. ഡോറിന് സമീപമാണ് വിദ്യാർഥിനി നിന്നിരുന്നത്. റോഡിലേക്ക് തെറിച്ചു വീണതിനെ തുടർന്ന് വിദ്യാർഥിനിയുടെ തലയ്ക്ക് പരിക്കേറ്റിട്ടുണ്ട്.

## തൃശൂർ പൂരം പാടത്ത് നടത്തേണ്ടി വരും; ഹൈക്കോടതി മാർഗരേഖയ്ക്കെതിരേ തിരുവമ്പാടി ദേവസ്വം

തൃശൂർ: ആന എഴുന്നള്ളിപ്പ് സംബന്ധിച്ച ഹൈക്കോടതി മാർഗരേഖയ്ക്കെതിരേ തിരുവന്പാടി ദേവസ്വം. ഹൈക്കോടതി നിർദേശപ്രകാരം തൃശൂർ പൂരം നടത്താനാവില്ലെന്ന് തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ.ഗിരീഷ് കുമാർ പറഞ്ഞു.

ആനകൾക്കടുത്തുനിന്ന് എട്ടു മീറ്റർ ദൂരം എന്നത് പൂരത്തിന്റെ എല്ലാ ചടങ്ങുകളെയും തടസപ്പെടുത്തും. ആനയുടെ മുന്നിൽ നിന്നാണോ പിന്നിൽ നിന്നാണോ എട്ടു മീറ്റർ അകലം പാലിക്കേണ്ടത് എന്നത് ഉത്തരവിൽ വ്യക്തമല്ല. ആനകൾ തമ്മിൽ നിശ്ചിത അകലം പാലിക്കണമെന്ന നിർദേശം മഠത്തിൽ വരവും ഇലഞ്ഞിത്തറമേളവും തകർക്കുന്നതാണ്.

36 മണിക്കൂർ നീണ്ടു നിൽക്കുന്ന പൂരത്തിൽ ഒരു വിഭാഗത്തിന് തന്നെ 150 ആനകൾ വേണ്ടി വരും. ഉത്സവങ്ങളെ ഇല്ലാതാക്കാൻ ഇറങ്ങിയ എൻജിഒകളെ മാത്രം കേട്ട് തീരുമാനമെടുക്കരുതെന്നും കേസിൽ തിരുവമ്പാടി കക്ഷിചേരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു ആന വർഷത്തിൽ 85 പൂരം വരെയാണ് ശരാശരി എടുക്കാറുള്ളത്. ബാക്കി ദിവസങ്ങൾ വിശ്രമം ആണെന്നിരിക്കെ 24 മണിക്കൂർ വിശ്രമം വേണമെന്നത് അപ്രായോഗികമാണ്. ആനകളുടെ ചിലവുപോലും കണ്ടെത്താൻ കഴിയാത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് കാര്യങ്ങൾ കൊണ്ടുപോകുമെന്നും അദ്ദേഹം പറഞ്ഞു.

## ദർഘാസ് ക്ഷണിച്ചു

ബാർട്ടൺഹിൽ ഗവൺമെന്റ് എൻജിനിയറിങ് കോളേജിലെ ഈ വർഷത്തെ ഗ്രാജുവേഷൻ സെറിമണിയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തുന്നതിന് മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു. വിശദ വിവരങ്ങൾക്ക്: www.g-e-c-b-h-a-c.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




**ഫോട്ടോ കാപ്ഷൻ: ജിടെക് കേരള മാരത്തൺ ലോഗോ സംസ്ഥാന കായിക മന്ത്രി വി. അബ്ദുറഹിമാൻ പ്രകാശനം ചെയ്യുന്നു. ഹരിപ്രസാദ് (എച്ച് ആൻഡ് ആർ ബ്ലോക്ക്), മറിയ ഉമ്മൻചാണ്ടി (ഇവൈ), ടോണി ജോസഫ് (കെന്നഡീസ് ഐക്യു), റോണി സെബാസ്റ്റിയൻ (സോഫ്റ്റ്നോഷൻസ്) എന്നിവർ സമീപം.**

# ജിടെക് കേരള മാരത്തൺ ഫെബ്രുവരി 9 ന്; മന്ത്രി വി. അബ്ദുറഹിമാൻ ലോഗോ പ്രകാശനം ചെയ്തു

തിരുവനന്തപുരം: ജിടെക് കേരള മാരത്തണിൻറെ മൂന്നാം പതിപ്പ് 2025 ഫെബ്രുവരി 9 ന് തിരുവനന്തപുരത്ത് നടക്കും. സംസ്ഥാനത്തെ 250 ലധികം വരുന്ന ഐടി കമ്പനികളുടെ വ്യവസായ സ്ഥാപനമായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ആണ് മാരത്തൺ സംഘടിപ്പിക്കുന്നത്. ലഹരി ദുരുപയോഗത്തിനെതിരെയുള്ള കേരളത്തിലെ ഏറ്റവും വലിയ മാരത്തണായ ഇതിൽ 7500 പേർ പങ്കെടുക്കും.

ലിംഗ, പ്രായ, ഫിറ്റ്നസ് ഭേദമില്ലാതെ സമൂഹത്തിൻറെ വിവിധ തുറകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ളവരെ മാരത്തണിൽ ഒരുമിച്ച് കൊണ്ടുവരും. സംസ്ഥാനത്തെ പ്രമുഖ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ, ഐടി പ്രൊഫഷണലുകൾ, കേന്ദ്രസംസ്ഥാന സർക്കാർ ജീവനക്കാർ, പ്രതിരോധ സേനാംഗങ്ങൾ, കോർപറേറ്റ് ജീവനക്കാർ തുടങ്ങിയവർ മാരത്തണിൻറെ ഭാഗമാകും. ഇതിൽ പങ്കെടുക്കാൻ പൊതുജനങ്ങൾക്ക് ०००.ഴtechmarathon.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം.

പുരുഷൻമാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി ഹാഫ് മാരത്തൺ (21 കി.മീ.), 10 കി.മീ, ഫൺ റൺ (3 കി.മീ 5 കി.മീ) എന്നീ വിഭാഗങ്ങളിലാണ് മാരത്തൺ മത്സരങ്ങൾ നടക്കുന്നത്. കേരളത്തിൽ മയക്കുമരുന്ന് ദുരുപയോഗത്തിൻറെ വ്യാപനത്തെക്കുറിച്ചും അതിൻറെ ദൂഷ്യഫലങ്ങളെക്കുറിച്ചും പൊതുസമൂഹത്തിലും ചെറുപ്പക്കാരിലും അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മാരത്തൺ സംഘടിപ്പിക്കുന്നത്. സംസ്ഥാന സർക്കാരിൻറെ 'ഡ്രഗ്സ് ഫ്രീ കേരള' കാമ്പയിന് പൂരകമാണിത്.

ജിടെക് കേരള മാരത്തൺ 2025 ൻറെ ഔദ്യോഗിക ലോഗോ സംസ്ഥാന കായിക മന്ത്രി വി. അബ്ദുറഹിമാൻ ഇന്ന് പ്രകാശനം ചെയ്തു. ആരോഗ്യകരമായ ജീവിതരീതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ മാരത്തൺ സംഘടിപ്പിക്കുന്നത് സർക്കാറിൻറെ പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു. ഇത്തരം വിഷയങ്ങളിലുള്ള ജിടെക്കിൻറെ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു പൊതുലക്ഷ്യം മുന്നിൽക്കണ്ട് ഒരു ലക്ഷത്തിലധികം വരുന്ന കേരളത്തിലെ ഐടി പ്രൊഫഷണലുകളുടെ ഒത്തുചേരലാണ് ഇതെന്ന് ജിടെക് ചെയർമാൻ വി കെ. മാത്യൂസ് പറഞ്ഞു. കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക പ്രശ്നങ്ങളെ ഉത്തരവാദിത്തമുള്ള ഒരു സമൂഹമെന്ന നിലയിൽ ഞങ്ങൾ ഏറ്റെടുക്കുന്നു. ഈ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് മാരത്തൺ. കേരളത്തെ ലഹരി വിമുക്തമാക്കേണ്ടതിൻറെ ആവശ്യകതയെക്കുറിച്ച് യുവാക്കളെ ബോധവത്കരിക്കുന്നതിനായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുഴുവൻ ഐടി പാർക്കുകളിലും ജനകേന്ദ്രീകൃത ബോധവൽക്കരണ കാമ്പെയ്നുകൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മാരത്തണിൽ പങ്കെടുക്കുന്നവർക്ക് ഐടിഇഎൻ റണ്ണിംഗ് ക്ലബ്ബുമായും എൻബിഎഫ് അക്കാദമിയുമായും സഹകരിച്ചു ജിടെക് പരിശീലനം നല്കും. ടെക്നോപാർക്ക് ആസ്ഥാനമായുള്ള എച്ച് ആൻഡ് ആർ ബ്ലോക്കാണ് മാരത്തണിൻറെ മുഖ്യസ്പോൺസർ.

# മീഡിയ അക്കാദമി മാധ്യമ അവാർഡ് സമർപ്പണം

കേരള മീഡിയ അക്കാദമി ബിരുദ സമ്മേളനവും മാധ്യമ അവാർഡ് സമർപ്പണവും നവംബർ 19 ന് രാവിലെ പതിനൊന്ന് മണിക്ക് കാക്കനാട് മീഡിയ അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. ഉമ തോമസ് എം.എൽ.എ. വിശിഷ്ടാതിഥിയാവുന്ന ചടങ്ങിൽ അക്കാദമി ചെയർമാൻ ആർ.എസ് ബാബു അധ്യക്ഷത വഹിക്കും.

അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ 202324 ബാച്ച് വിദ്യാർത്ഥികൾക്ക് മന്ത്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. അക്കാദമി ഏർപ്പെടുത്തിയ 2023 ലെ മികച്ച മാധ്യമ പ്രവർത്തകർക്കുള്ള അവാർഡുകളും മന്ത്രി സമ്മാനിക്കും.

മികച്ച എഡിറ്റോറിയലിനുള്ള വി. കരുണാകരൻ നമ്പ്യാർ അവാർഡ് നേടിയ മാധ്യമം ദിനപത്രത്തിലെ ജോയിന്റ് എഡിറ്റർ പി.ഐ നൗഷാദ്, മികച്ച അന്വേഷണാത്മക റിപ്പോർട്ടിനുള്ള ചൊവ്വര പരമേശ്വരൻ അവാർഡ് നേടിയ ട്രൂ കോപ്പി തിങ്കിലെ നാഷിഫ് അലിമിയാൻ, മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കുള്ള എൻ എൻ സത്യവ്രതൻ അവാർഡ് നേടിയ മലയാള മനോരമ ചീഫ് സബ് എഡിറ്റർ ടി. അജീഷ്, മികച്ച പ്രാദേശിക പത്രപ്രവർത്തനത്തിനുള്ള ഡോ. മൂർക്കന്നൂർ നാരായണൻ അവാർഡ് നേടിയ മലയാള മനോരമ പൊന്നാനി ബ്യൂറോയിലെ ജിബീഷ് വൈലിപ്പാട്ട്, ന്യൂസ് ഫോട്ടോഗ്രഫി അവാർഡ് നേടിയ റിങ്കു രാജ് മട്ടാഞ്ചേരിയിൽ, മികച്ച ദൃശ്യമാധ്യമ പ്രവർത്തനത്തിനുള്ള അവാർഡ് നേടിയ അമൃത ടിവിയിലെ ബൈജു. സി.എസ്, പ്രത്യേക ജൂറി പരാമർശത്തിനർഹരായ മാതൃഭൂമി ഫോട്ടോഗ്രഫർ സാജൻ വി.നമ്പ്യാർ, മാതൃഭൂമി ന്യൂസ് ചാനലിലെ റിയ ബേബി എന്നിവർ അവാർഡുകൾ ഏറ്റുവാങ്ങും.

മീഡിയ അക്കാദമി വൈസ് ചെയർമാൻ ഇ.എസ്. സുഭാഷ്, അക്കാദമി സെക്രട്ടറി അനിൽ ഭാസ്കർ, കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന പ്രസിഡന്റ് കെ.പി. റെജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ കെ. രാജഗോപാൽ എന്നിവർ സംസാരിക്കും. ഉച്ചയ്ക്ക് ശേഷം മാധ്യമ അവാർഡ് ജേതാക്കളുമായി വിദ്യാർത്ഥികളുടെ സംവാദമുണ്ടാകും.

## കെക്സ്കോണിൽ നിയമനം

കെക്സ്കോണിന്റെ കേന്ദ്ര കാര്യാലയത്തിൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. എംകോമും അഞ്ചു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. ടാലി അക്കൗണ്ടിംഗ് സോഫ്റ്റ്വെയറിൽ പ്രാവീണ്യം അഭിലഷണീയം. കെക്സ്കോണിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50 വയസ് കഴിയാത്ത വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും അപേക്ഷിക്കാം. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റ സഹിതം നവംബർ 27 4 മണിക്കു മുൻപായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2320771.

# ഭാരത അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് തുടക്കമായി

വികസിത് ഭാരത് @ 2047 എന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ വർഷത്തെ ഭാരത അന്താരാഷ്ട്ര വ്യാപാര മേള ന്യൂ ഡൽഹിയിലെ പ്രഗതി മൈതനനിയിൽ ഇന്നലെ ആരംഭിച്ചു. സ്വയം പര്യാപ്തത, രാജ്യത്തിന്റെ സമഗ്ര മേഖലകളിലെയും അഭിവൃദ്ധി, നവീനവും സുസ്ഥിരവും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതുമായ ഭരണസംവിധാനത്തിലൂടെ സാമ്പത്തിക വളർച്ച എന്നീ മേഖലകളെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകൻവിപണിസർക്കാർ പിന്തുണ വികസിത കേരളത്തിന് എന്ന ആശയം ഉൾക്കൊണ്ടാണ് കൃഷി വകുപ്പിന്റെ സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ, വികസന പ്രവർത്തനങ്ങൾ എന്നിവ ഈ ആശയത്തെ ആസ്പദമാക്കി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ കേരളഗ്രോ, കേര ഫെഡ്, ആതിരപ്പള്ളി ട്രൈബൽ വാലി എന്നിവരുടെ വിൽപ്പന സ്റ്റാളുകളും സജീകരിച്ചിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിച്ച കേരളത്തിന്റെ സുഗന്ധ വ്യഞ്ജനങ്ങൾക്ക് പ്രദർശന വില്പന സ്റ്റാളിൽ ആവശ്യക്കാർ ഏറെയാണ്.

കൃഷി വകുപ്പിനെ പ്രതിനിധീകരിച്ചുകൊണ്ട് അഡിഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) സുനിൽ എ ജെ, തിരുവനന്തപുരം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ അനിൽ, കൊല്ലം പ്രിൻസിപ്പൽ അഗ്രിക്കച്ചറൽ ഓഫീസർ രാജേഷ്, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ നിസാം. എസ്. എ, ക്യാമ്പയിൻ ഓഫീസർ മോഹനചന്ദ്രൻ, മറ്റു ജീവനക്കാർ എന്നിവർ പങ്കെടുത്തു. ഭാരത അന്താരാഷ്ട്ര വ്യാപാര മേള നവംബർ 27 ന് സമാപിക്കും.

# മാലിന്യം കൂടിയാൽ ഹരിതകർമസേനയ്ക്കുള്ള യൂസർ ഫീയും കൂടും

തിരുവനന്തപുരം: അജൈവ മാലിന്യം ശേഖരിക്കുന്നതിനു ഹരിതകർമസേനയ്ക്ക് കൂടുതൽ യൂസർ ഫീ ഈടാക്കാമെന്നു വ്യക്തമാക്കി തദ്ദേശ വകുപ്പ് മാർഗരേഖ പുതുക്കി. മാലിന്യത്തിന് അനുസരിച്ച് ഫീസ് കൂട്ടാനാണ് അനുമതിയുള്ളത്.

നിലവിൽ സ്ഥാപനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ നിരക്ക് 100 രൂപയാണ്. മാലിന്യത്തിന് ആനുപാതികമായും പ്രദേശത്തിൻറെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്ക് അനുസരിച്ചും നിരക്ക് കൂട്ടാനാണ് പുതിയ തീരുമാനം.

വീടുകളിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കാൻ പഞ്ചായത്തുകളിൽ കുറഞ്ഞത് 50 രൂപയും നഗരസഭകളിൽ കുറഞ്ഞത് 70 രൂപയും തുടരാമെന്നാണു മാർഗരേഖയിൽ പറയുന്നത്. കൂടിയ നിരക്ക് എത്രയെന്നു മാർഗരേഖയിൽ ഇല്ല.

നിശ്ചയിക്കുന്ന നിരക്ക് തദ്ദേശ സ്ഥാപന ഭരണസമിതി തീരുമാനമെടുത്തു പ്രസിദ്ധീകരിക്കണം. വലിയ അളവിൽ മാലിന്യമുള്ള സ്ഥാപനങ്ങളിൽ നിന്നു പ്രതിമാസം അഞ്ച് ചാക്ക് വരെ കുറഞ്ഞത് 100 രൂപ നിരക്കിലും അധികമായി വരുന്ന ഓരോ ചാക്കിനും കുറഞ്ഞത് 100 രൂപയും ഈടാക്കണം.

യൂസർ ഫീ നൽകാത്ത കെട്ടിട ഉടമകളിൽ നിന്നു കുടിശിക, വസ്തു നികുതി പോലെ തദ്ദേശ സ്ഥാപന സെക്രട്ടറി ഈടാക്കി തൊട്ടടുത്ത മാസം ഹരിതകർമസേന കൺസോർഷ്യം അക്കൗണ്ടിലേക്ക് കൈമാറണമെന്നും മാർഗരേഖയിൽ പറയുന്നു.

# വിവാഹഭ്യർഥന നിരസിച്ചതിന് വീട്ടമ്മയെ കൊലപ്പെടുത്താൻ ശ്രമം; പോലീസ് കേസെടുത്തു

കോഴിക്കോട്: അത്തോളിയിൽ വീട്ടമ്മയെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ചത് വിവാഹഭ്യർഥന നിരസിച്ച പകയിൽ. അത്തോളി സഹകരണ ആശുപത്രിക്ക് സമീപം മഠത്തിൽ കണ്ടിയിൽ വാടകയ്ക്ക് താമസിക്കുന്ന പേരാമ്പ്ര സ്വദേശിയായ വീട്ടമ്മക്കെതിരെയാണ് ആക്രമണം ഉണ്ടായത്.

കഴുത്തിന് മുറിവേറ്റ യുവതി മലബാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും വൈകിട്ടോടെ വിട്ടയച്ചു. അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

വ്യാഴാഴ്ച വൈകീട്ട് 7.30 ഓടെയാണ് സംഭവം. ജോലി ചെയ്യുന്ന കടയിൽ നിന്നും മടങ്ങും വഴി വീടിന് സമീപത്ത് വെച്ചാണ് ആക്രമണം ഉണ്ടായത്. കഴുത്തിൽ ഷാൾ ഉള്ളതിനാൽ ആഴത്തിൽ മുറിവേൽക്കാതെ രക്ഷപെട്ടു.

കൊടക്കല്ലിൽ പെട്രോൾ പമ്പിന് സമീപം വാടകയ്ക്ക് താമസിക്കുന്ന മഷൂദ് (33) ആണ് ആക്രമണം നടത്തിയത്. വീട്ടമ്മയുടെ പരാതിയിൽ ഇയാൾക്കെതിരേ വധശ്രമത്തിന് കേസെടുത്തു. ഇയാൾ ഇപ്പോഴും ഒളിവിലാണ്.

## ജാർഖണ്ഡിൽ ബിജെപി വൻ വിജയം നേടും : അന്നപൂർണാ ദേവി

റാഞ്ചി: ജാർഖണ്ഡ് നിയമസഭ തെരഞ്ഞെടുപ്പിൽ ബിജെപി വൻ വിജയം നേടുമെന്ന് കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അന്നപൂർണാ ദേവി . ചരിത്ര ഭൂരിപക്ഷത്തോടെയായിരിക്കും ബിജെപി സംസ്ഥാനത്ത് അധികാരത്തിലെത്തുകയെന്നും ഗിരിധിയിൽ നടന്ന തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ കേന്ദ്രമന്ത്രി പറഞ്ഞു.

'ജാർഖണ്ഡിൻറെ വികസനത്തിന് ബിജെപി അധികാരത്തിലെത്തേണ്ടത് അനിവാര്യമാണ്. പ്രധാനമന്ത്രിയുടെ വികസന പദ്ധതികൾ പൂർണമായി നടപ്പിലാക്കാൻ ബിജെപി സർക്കാർ വന്നാലെ സാധിക്കൂ. സംസ്ഥാനത്തെ ജനങ്ങളും ബിജെപി സർക്കാർ വരണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്നെ ബിജെപി വിജയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.'അന്നപൂർണാ ദേവി പറഞ്ഞു.

സംസ്ഥാനത്ത് ഭരണത്തിലുള്ള ഹേമന്ത് സോറൻ സർക്കാർ അഴിമതി സർക്കാരാണെന്നും എല്ലാ മേഖലയിലും അവർ പരാജയപ്പെട്ടുവെന്നും കേന്ദ്രമന്ത്രി കുറ്റപ്പെടുത്തി.

രണ്ട് ഘട്ടമായാണ് ജാർഖണ്ഡിൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്നത്. ബുധനാഴ്ചയായിരുന്നു ആദ്യ ഘട്ടം. 20നാണ് രണ്ടാം ഘട്ടം. ഈ മാസം 23നാണ് വോട്ടെണ്ണൽ.

# വായു മലിനീകരണം അതിരൂക്ഷം; രാജ്യ തലസ്ഥാനത്ത് കടുത്ത നിയന്ത്രണം

ന്യൂഡൽഹി: വായു ഗുണനിലവാരം കുത്തനെ കുറഞ്ഞതിനെ തുടർന്ന് കടുത്ത നിയന്ത്രണവുമായി ഡൽഹി സർക്കാർ. അടിയന്തര സ്വഭാവമില്ലാത്ത മുഴുവൻ നിർമാണപ്രവർത്തങ്ങൾക്കും നിരോധനം ഏർപ്പെടുത്തി. ഇലക്ട്രിക് അല്ലാത്ത ബസുകൾ നിരത്തിലിറക്കരുതെന്നും അറിയിപ്പ് നൽകി. കടുത്ത പുകമഞ്ഞ് ഡൽഹി വിമാനത്താവളത്തിൻറെ പ്രവർത്തനത്തെയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

ഡൽഹിഎൻസിആറിലെ അഞ്ചുവരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്ക് ഇന്നുമുതൽ ഓൺലൈനായി ക്ലാസുകൾ നടത്തണമെന്ന് സ്കൂളുകളോട് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ഹരിയാന ഗുരുഗ്രാമിലെ സ്കൂളുകളിലെ ക്ലാസുകൾ രണ്ട് ഷിഫ്റ്റുകളിലായി ക്രമീകരിച്ചു.

കമ്മീഷൻ ഫോർ എയർ ക്വാളിറ്റി മാനേജ്മെൻറ് പ്രഖ്യാപിച്ച ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ സ്റ്റേജ്3 മലിനീകരണ വിരുദ്ധ നടപടികൾ ഇന്ന് രാവിലെ മുതലാണ് നടപ്പിൽ വന്നത്. കഴിഞ്ഞ രണ്ടുദിവസങ്ങളിലും 400 നു മുകളിലാണ് ഡൽഹിയിലെ വായു ഗുണനിലവാര നിരക്ക്.

ആളുകൾ കഴിയുന്നത്ര വീടിനുള്ളിൽ തന്നെ കഴിയാൻ ഡോക്ടർമാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വായു മലിനീകരണത്തിൻറെ പ്രത്യാഘാതങ്ങൾ ശാരീരികാവസ്ഥയെ മാത്രമല്ല മാനസികാവസ്ഥയെയും ബാധിക്കുമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പുറത്ത് പോകുന്നത് അത്യാവശ്യമാണെങ്കിൽ, എൻ 95 മാസ്ക് ധരിക്കണമെന്ന നിർദേശമുണ്ട്. മലിനീകരണം നിയന്ത്രിക്കാൻ കൂടുതൽ സ്പ്രിംഗ്ലറുകൾ ഉപയോഗിക്കും. അതേസമയം, ദേശീയ സുരക്ഷ, ആരോഗ്യ സംരക്ഷണം, പൊതു അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾക്ക് നിർമണ പ്രവർത്തനങ്ങളുടെ നിരോധനം ബാധകമല്ല.

## കുറ്റ്യാടിയിൽ യുവാവിന് ക്രൂരമർദനം; പോലീസ് കേസെടുത്തു

കോഴിക്കോട്: കുറ്റ്യാടിയിൽ യുവാവിന് ക്രൂരമർദനം. മണിയൂർ സ്വദേശി മുഹമ്മദിനാണ് മർദനമേറ്റത്. ഇയാളെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.

വ്യാഴാഴ്ച കുറ്റ്യാടി മരുതൻകര റോഡിലാണ് സംഭവം. കാറിൽ ഇരിക്കുകയായിരുന്ന യുവാവിനെ ഒരു സംഘം എത്തി വലിച്ചിറക്കി മർദിക്കുകയായിരുന്നു. കാറിൻറെ ചില്ലും തകർത്തു. ഇവരിൽ ഒരാൾ മുഖംമൂടി ധരിച്ചിരുന്നു. സംഭവത്തിൻറെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

നേരത്തെയുണ്ടായിരുന്ന തർക്കമാണ് മർദനത്തിൽ കലാശിച്ചത്. മുഹമ്മദിനെതിരേ പോലീസ് കേസെടുത്തിരുന്നു.

ഇതിൻറെ ഭാഗമായുള്ള മധ്യസ്ഥ ശ്രമങ്ങൾക്ക് വിളിച്ചുവരുത്തിയ ശേഷം ആക്രമിക്കുകയായിരുന്നു. നിലവിലെ മർദനത്തിൽ കണ്ടാലറിയാവുന്ന 10 പേർക്കെതിരെ കുറ്റ്യാടി പോലീസ് കേസെടുത്തിട്ടുണ്ട്.

## പി.ജി.ഹോമിയോ : അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തിൽ പി.ജി. ഹോമിയോ കോഴ്സുകളുടെ ഒന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ ഉൾപ്പെടെ അഖിലേന്ത്യാ ക്വാട്ട കൗൺസിലിംഗിൽ പങ്കെടുത്തിട്ടുള്ളവരുടെ അലോട്ട്മെന്റ് ലിസ്റ്റ് ०००.രലല.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ തുടർന്നുള്ള സ്റ്റേറ്റ് അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0471 2525300.

# ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസുകാർക്ക് മാർഗനിർദ്ദേശം നൽകണം: മനുഷ്യാവകാശ കമ്മീഷൻ

പത്തനംതിട്ട: ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസുകാർക്ക് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിക്കാണ് കമ്മീഷൻ അംഗം വി കെ ബീനാകുമാരി നിർദ്ദേശം നൽകിയത്. പതിനെട്ടാം പടി കയറുമ്പോൾ പോലീസുകാരൻ കരണത്തടിച്ചെന്ന പരാതിയിലാണ് ഉത്തരവ്. റാന്നി ഡിവൈഎസ്പി ജില്ലാ പോലീസ് മേധാവി മുഖാന്തരം സമർപ്പിച്ച റിപ്പോർട്ടിൽ പോലീസ് ഉദ്യോഗസ്ഥനെ വിളിച്ചു വരുത്തി പരാതി പരിഹരിച്ചിട്ടുണ്ടെന്നും പരാതിക്കാരന് പരാതിയുമായി മുന്നോട്ടു പോകാൻ താൽപര്യമില്ലെന്നും പറയുന്നു. അയ്യപ്പഭക്തരെ പതിനെട്ടാം പടി കയറാൻ ഒരു കൈ സഹായിക്കാനും തിരക്ക് നിയന്ത്രിക്കാനുമാണ് പോലീസുകാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. ഭക്തരെ ശാരീരികമായി ഉപദ്രവിച്ചുവെന്ന് കേൾക്കുന്നത് വിശ്വാസികൾക്ക് ഉൾക്കൊള്ളാനാവില്ല.

# പോക്സോ കേസിൽ സംഗീത സംവിധായകൻ സഞ്ജയ് ചക്രവർത്തി അറസ്റ്റിൽ

ന്യൂഡൽഹി: പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രശസ്ത ഗായകനും സംഗീത സംവിധായകനുമായ സഞ്ജയ് ചക്രവർത്തി അറസ്റ്റിൽ. രണ്ട് മാസത്തോളം നീണ്ട തെരച്ചിലിനൊടുവിലാണ് മുംബൈയിൽനിന്ന് ഇയാളെ പിടികൂടിയത്.

കഴിഞ്ഞ ജൂണിലാണ് കേസിനാസ്പതമായ സഭവം നടന്നത്. ഇയാൾ സംഗീതപരിശീലനം നൽകിയിരുന്ന വിദ്യാർഥിനിയെയാണ് പീഡിപ്പിച്ചത്.

ക്ലാസ് അവസാനിച്ചതിന് ശേഷവും സഞ്ജയ് ചക്രവർത്തി അവിടെ തന്നെ തുടരുകയും മറ്റ് വിദ്യാർഥികളെല്ലാം പോയശേഷം കുട്ടിയെ ഉപദ്രവിക്കുകയായിരുന്നുവെന്നും പോലീസ് പറഞ്ഞു. പെൺകുട്ടിയെ മാനസികാരോഗ്യ ചികിത്സയ്ക്കായി മാതാപിതാക്കൾ ബംഗളൂരുവിലേക്ക് കൊണ്ടുപോയതോടെയാണ് സംഭവം പുറത്തറിഞ്ഞത്.

## പി.ജി. ഹോമിയോപ്പതി : അപേക്ഷ ക്ഷണിച്ചു

2024ലെ പി.ജി. ഹോമിയോപ്പതി കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി അപേക്ഷ ക്ഷണിച്ചു. രജിസ്റ്റർ ചെയ്തവരും പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും നവംബർ 19 വൈകുന്നേരം 4 മണിക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.c-e-e.k-er-a-l-a.gov.in വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കണം.

നാഷണൽ ഹോമിയോ കമ്മീഷന്റെ നവംബർ 11 ലെ നിർദ്ദേശ പ്രകാരം എല്ലാ കാറ്റഗറികൾക്കും നിലവിൽ ഉള്ളതിൽ നിന്നും പതിനഞ്ച് ശതമാനം കുറവു വരുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക്: ഫോൺ: 0471 2525300.